# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

| പുസ്തകം 23 | ആഗസ്റ്റ് 2018 | ലക്കം 8 |
|---|---|---|

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസൺ എം.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

ശ്രീ.ആർക്കാഞ്ചലോ.എം.

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- ഒറ്റക്കെട്ടായി നീങ്ങാം യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്ക് (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്സ് ഡയറി - ആഗസ്റ്റ്
- ബിഷപ്സ് ഡയറി - ആഗസ്റ്റ്
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ

എഡിറ്റോറിയൽ

# ഒറ്റക്കെട്ടായി നീങ്ങാം യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്ക്

ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം, ഭാരത സ്വാതന്ത്ര്യദിനം, മലയാളക്കരയുടെ തിരുവോണം എന്നീ മഹനീയ ആഘോഷദിനങ്ങളുടെ സംഗമ മാസമാണ് ഈ വർഷത്തെ ആഗസ്റ്റ്.

ദൈവപുത്രനെ ലോകത്തിനു നല്കുക എന്ന ദൗത്യം ധീരമായി നിർവ്വഹിച്ച് ദൈവിക സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേയ്ക്ക് ആരോപിതയായ ദൈവമാതാവും, ജീവൻ ത്യജിച്ചും നിസ്വാർത്ഥം പോരാടി പാരതന്ത്ര്യത്തിൽനിന്ന് ഭാരത മണ്ണിനെ സ്വതന്ത്രയാക്കിയ ധീര മഹാത്മാക്കളും നമ്മേ ഒരുപോലെ ഓർമ്മിപ്പിക്കുന്നത് ഒരേകാര്യം തന്നെയാണ് - സ്വാർത്ഥ ചിന്തയില്ലാതെ, ഏകമനസ്സോടെ സഹവർത്തിത്വ ത്തിൽ അദ്ധ്വാനിച്ചു ജീവിച്ച ഒരു ജനത സ്വാതന്ത്ര്യത്തിന്റെ സ്വച്ഛതയിൽ ആസ്വദിച്ച സമ്പൽസമൃദ്ധമായ ഓണനാളുകളെ!!

ഓണം പിറക്കുമ്പോൾ ഈ വർഷം നാം കനത്ത മഴക്കെടുതിയുടെ ദുരിതാരിഷ്ഠതകളിലാണ്. പോയ വർഷത്തിലാകട്ടെ, ഉണ്ണി പിറന്നപ്പോൾ നാം ഓഖി ദുരന്തത്തിന്റെ കണ്ണീർക്കയത്തിലായിരുന്നു. ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കഞ്ഞി കുമ്പിളിൽ തന്നെ !

നമ്മുടെ വികസനത്തിന് എപ്പോഴും വെല്ലുവിളിയാണ് നിരന്തരമായ കടൽക്ഷോഭവും, അവയുടെ പ്രത്യാഘാതങ്ങളായ അപകട മരണങ്ങൾ, മത്സ്യബന്ധനയാനങ്ങളുടെ നഷ്ടം, തൊഴിൽ മേഖലയിലെ വർദ്ധിത മാകുന്ന അപകടങ്ങളും തടസ്സങ്ങളും, തീരശോഷണം, വീട്നാശം, തൊഴിൽ മേഖലാ ശോഷണം, തുടങ്ങിയവ. ഇതിനെ പ്രതിരോധിക്കുന്ന തിനും അതിജീവിക്കുന്നതിനും, സർക്കാരിൽനിന്ന് ലഭിക്കേണ്ട അർഹമായ സഹായസഹകരണങ്ങൾ നേടിയെടുക്കുന്നതിലും, ഇവ ശരിയായവിധം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽപോലും അഭിപ്രായ ഐക്യം ഉണ്ടാക്കാനാകാതെ പലപ്പോഴും പല കാരണങ്ങളാൽ നാം ഭിന്നിച്ചു നില്ക്കുന്നു; നമുക്കിടയിലെ വിനാശകരമായ ഈ ഭിന്നത വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആരംഭാവസരത്തിൽ നാം വ്യക്തമായി കണ്ടതാണ്. കടൽക്ഷോഭത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ദീർഘ വീക്ഷണത്തോടെയുള്ള നമ്മുടെ അറിവും





അഭിപ്രായവും അവഗണിച്ചു വന്ന അതിശക്തനെന്നു കരുതുന്ന അഡാനി ഗ്രൂപ്പിന്റെ നിർമ്മാ ണങ്ങൾ പോലും, വിഴിഞ്ഞം പാലം തന്നെയും കടലാക്രമണത്തിൽ ഒലിച്ചുപോയിരിക്കുന്നു! ഇപ്പോൾ, മുതലപ്പൊഴിയിലെ പുലിമുട്ട് നിർമ്മാണ കാര്യത്തിലും നമുക്കിടയിൽ പ്രത്യക്ഷമായിരിക്കുന്ന ഭിന്നിപ്പ് പൊതുവേ വലിയ ആശങ്ക ഉളവാക്കിയിരിക്കയാണ്. ഈ മഴക്കെടുതിയിൽ വലിയതുറ ഫെറോനയിൽ 40 വീടുകൾ പൂർണ്ണമായും തകർന്നു; ഭാഗികമായി 42 വീടുകളും. അഞ്ചുതെങ്ങ് ഫെറോനയിൽ പൂർണ്ണമായും തകർന്നത് 142 വീടുകൾ; ഭാഗികമായി 147. ക്യാമ്പിൽ 55 പേർ താമസിക്കുന്നു. മുതലപ്പൊഴിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയതു മുതൽ ഇതുവരെ 43 പേർ മരണമടഞ്ഞു. കടൽക്ഷോഭത്തിനും പ്രകൃതി ദുരന്തങ്ങൾക്കും നിരന്തരം ഇരയായിക്കൊണ്ടിരിക്കുന്ന നമ്മൾ ഇവയെ അതിജീവിച്ച് ഇതര ജനതകൾക്കൊപ്പം വളരുന്നതിന് വിവേകപൂർവ്വം ഒറ്റക്കെട്ടായി തീരണമെന്ന പാഠമാണ് നാം ഇവിടെ ഉൾക്കൊള്ളേണ്ടത്. രാഷ്ട്രീയ കക്ഷികളുടെയോ സാമ്പത്തിക ലാഭം മാത്രം ലക്ഷ്യംവെച്ച് പ്രവർത്തിച്ചുവരുന്ന കോർപ്പറേറ്റുക ളുടെയോ നിക്ഷിപ്ത താല്പര്യങ്ങൾക്ക് വഴിപ്പെടാതെയും, നമ്മുടെതന്നെ പ്രാദേശീയ - താല്ക്കാലിക പരിഗണനകൾക്കുപരി മുഴുവൻ സമൂഹത്തിന്റെയും പൊതുവായ താല്പര്യങ്ങൾ ചിന്തിച്ച് നിലപാടുകളെടുക്കാൻ കഴിയുമ്പോൾ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ഫലങ്ങൾ നമ്മുടെ സമൂഹത്തിന് അനുഭവവേദ്യമാകൂ.

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ അർത്ഥവത്തായ ആഘോഷം, സ്വാർത്ഥതാല്പര്യങ്ങൾ വെടിഞ്ഞ് പൊതുനന്മയോട് പക്ഷംചേരാനുള്ള കൃപ നമ്മിൽ സമൃദ്ധമാക്കട്ടെ. ഭാരത സ്വാതന്ത്ര്യത്തി നായി ഒറ്റക്കെട്ടായിനിന്നു പൊരുതി ജീവത്യാഗംചെയ്ത പുണ്യാത്മാക്ക ളുടെ സ്മരണ നമ്മിലെ ശിഥില ചിന്തകളെ ഇല്ലാതാക്കട്ടെ. സമ്പൽ സമൃദ്ധ മായ സമത്വ സുന്ദര ഓണദിനങ്ങളുടെ ആഘോഷം നമ്മേ കൂട്ടായ യത്നത്തിൽ കർമ്മോത്സുകരാക്കട്ടെ.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, AUGUST 2018

| | | | |
|---|---|---|---|
| 02 | THU | 04.00 pm | I.G.P at Thoothoor Forane Centre |
| 03 | FRI | 10.30 am | ***Senate of Priests*** |
| 04 | SAT | 03.00 pm | Eucharistic Celebration, Changanassery |
| 05 | SUN | 07.30 am | PASTORAL VISIT, KOITHOORKONAM |
| 06 | MON | to 11 SAT | **KCBC, Retreat** |
| 12 | SUN | 07.30 am | PASTORAL VISIT, ATTINGAL |
| | | 05.30 pm | HOME MISSION Conclusion, Kannanthura |
| 15 | WED | 10.30 AM | Visit, Ernakulam |
| 16 | THU | 11.00 am | Marriage Blessing, Palayam |
| 18 | SAT | 03.30 pm | Platinum Jubilee Celebration, Mariapuram Convent |
| 21 | TUE | 02.00 pm | KCBC – Inauguration "Jericho Prayer 2018", Palayam |

**Fr. Shynish Bosco**
Secretary to Archbishop





## AUXILIARY BISHOP'S DIARY, AUGUST 2018

| | | | |
|---|---|---|---|
| 01 | WED | 09.30 am | Academic Inauguration, M.CAP, Kazhakuttom |
| 02 | THU | 11.30 am | Marriage Blessing, Pangode |
| 03 | FRI | 10.30 am | ***Senate of Priests*** |
| 07 | TUE | to 11 SAT | **KCBC, Retreat** |
| 15 | WED | 11.30 am | 75th Anniversary of St. Philomena's Convent, Poonthura |
| 18 | SAT | 10.30 am | First Profession, Santo Rosario Sisters, Mampally |
| 22 | WED | 11.00 am | Marriage Blessing, Poovar |
| 26 | SUN | 08.30 am | Feast Day Eucharistic Celebration, Kumarapuram |
| | | 05.00 pm | HOME MISSION Conclusion, Muttada |

**Fr. Shynish Bosco**
Secretary to Archbishop

## AUGUST 2018

### BIRTHDAYS

| | |
|---|---|
| 1. Rev. Fr. Joseph R. D'Silva | 01.08.1938 |
| 2. Rev. Fr. Gerard Silva | 05.08.1945 |
| 3. Rev. Fr. Antony Sony Panakkal IV Dei | 08.08.1978 |
| 4. Rev. Fr. Jofin Amarakkattu HGN | 09.08.1980 |
| 5. Rev. Fr. Ferdinand Franco SAC | 12.08.1984 |
| 6. Rev. Fr. Stanislaus Theesmas | 13.08.1967 |
| 7. Rev. Fr. Kennedy | 15.08.1986 |
| 8. Rev. Fr. Prabin S.M. | 15.08.1986 |
| 9. Rev. Fr. Johnson Alexander | 17.08.1962 |
| 10. Rev. Fr. Suresh D. Antony | 21.08.1967 |
| 11. Rev Fr. Christudas Philip | 22. 08.1983 |
| 12. Rev. Fr. Jibu Jajin | 25.08.1978 |
| 13. Rev. Fr. Augustine Varickackal SAC | 25.08.1955 |
| 14. Rev. Fr. Lazer Benedict | 26.08.1966 |
| 15. Rev. Fr. Francis D'Silva | 28.08.1925 |
| 16. Rev. Fr. Jacob Stellus | 28.08.1980 |

### ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Jibu J Jajin | 22.08.2011 |
| 2. Rev. Fr. Judit Pious Lawrence | 22.08.2011 |
| 3. Rev. Fr. Richard Sacharias | 22.08.2011 |
| 4. Rev. Fr. Jerome Amirthayyan MCL | 22.08.2012 |
| 5. Rev. Fr. Lawrence Lucas | 22.08.2012 |
| 6. Rev. Fr. Santhosh Kumar Paniyadima | 22.08.2012 |
| 7. Rev. Fr. Deepak Anto A.J | 22.08.2016 |
| 8. Rev. Fr. Shynish Bosco | 22.08.2016 |





### DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Peter Puthenpurackal | 02.08.1973 |
| 2. Rev. Fr. Michael Jackson | 05.08.1952 |
| 3. Most Rev. Bishop A.B. Jacob Ofm Cap | 13.08.1995 |
| 4. Rev. Fr. Joseph Gomez | 13.08.2014 |
| 5. Rt. Rev. Msgr. Bernardine OCD | 18.08.1944 |
| 6. Very Rev. Fr. Ignatious Francis Louis | 21.08.2008 |
| 7. Rev. Fr. Simon John | 27.08.1991 |
| 8. Rev. Fr. Stephen G. | 27.08.2010 |
| 9. Rev. Fr. Michael John | 30.08.1965 |
| 10. Rt. Rev. Msgr. John N. Fernandez | 30.08.1984 |
| 11. Rev. Msgr. John D Bosco | 30.08.2014 |

### PERPETUAL DAY ADORATION

| | |
|---|---|
| 1. Sacred Heart Convent, Anjengo | 05.08.2018 |
| 2. St. Thomas Forane Church, Thuthoor | 11.08.2018 |
| 3. Assumption Church, Thycaud | 22.08.2018 |
| 4. Our Lady of Sorrows Convent, Poonthura | 31.08.2018 |

### PRIESTLY ORDINATION

1. **Deacon Davidson Jestus**, from St. Antony's Church, Kochuthura, is doing his Licentiate in Utrisque Iure in Pontifical University of Lateran Rome; and
2. **Deacon Manish Peter**, from St. Anne's Church, Pettah, has completed his Licentiate in Pastoral Theology in Human Mobility, from Pontifical University of Urbaniana, Rome; will be receiving the Order of Priesthood through the laying of the hands of Archbishop Soosa Pakiam M. on

Wednesday, **5th September 2018 at St. Joseph's Metropolitan Cathedral, Palayam, at 3.30** p.m. Priests, Religious and Laity are invited to pray for the special occasion with your presence.

**APPOINTMENTS & RELIEVING ORDERS**

Rev. Fr. Jeeson Thannikkot OSJ is appointed as Parish Priest of Mount Carmel, Vennicode Church, with effect from 15 July 2018

Rev. Fr. John Britto OFM Cap is appointed as the Assistant Parish Priest of St. Jude's, Vazhayila, with effect from 15 July 2018

Rev. Fr. Sebastian Pallikkal OSJ is relieved from the Office of Parish Priest of Mount Carmel, Vennicode Church, with effect from 15 July 2018

**ONAM HOLIDAYS**

Kindly note that the Archdiocesan Curia and the offices will be closed on 15 August 2018 for Solemnity of Assumption & Independence Day; and from 24 to 26 of August 2018 for the Onam Holidays. Curia wishes you a Happy Onam.

**Rev. Dr. Edison Yohannan M.**
Chancellor





**Metropolitan Tribunal News**
**July - 2018**

| | | |
|---|---|---|
| Number of Cases at the beginning of 2018 July | - | 233 |
| Received Cases in the Month of July | - | 009 |
| Total | = | 242 |

Decreed Cases - 11

Balance Cases = 242-11 = 231

**Decreed Cases –11**

1. Case No: MTLAT/72/2016 & 88/2016 between Johnson Rocky and Reshma Raju
2. Case No: MTLAT/49/2011 between Paul Bolvin (Shinu) and Irene (Sunitha)
3. Case No: MTLAT/54/2014 between Sunitha Gomez and Ignatious Rozario
4. Case No: MTLAT/11/2016 between Stanly and Jannet
5. Case No: MTLAT/10/2015 between Mary Mettilda and Jerald Biju Rozario
6. Case No: MTLAT/55/2016 between Lineant George and Johny Paul
7. Case No: MTLAT/22/2012 between Jorin Oristo and Rusy Joy
8. Case No: MTLAT/67/2015 between Jisha George and Rojin
9. Case No: MTLAT/82/2017 & 03/2018 between Shanio Benzy and Christopher Diston

**Fr. Jose G.**
Judicial Vicar

# ബിസിസി

## അതിരൂപതാതലം

**വവ്വാമൂല ഹോം മിഷൻ**

വവ്വാമൂല വിശുദ്ധ യൗസേപ്പിതാവിന്റെ ഇടവകയിൽ 2018 ജൂലൈ 18-ാം തീയതി വൈകുന്നേരം 6 മണിക്ക് ഹോം മിഷന് തുടക്കം കുറിച്ചുകൊണ്ട് മോൺ. ജെയിംസ് കുലാസിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഡോ. മൈക്കൾ തോമസ്, ബി.സി. സി. അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സുരേഷ് പയസ്, ഇടവക വികാരി റവ. ഫാ. റോഷൻ റിച്ചാർഡ് എന്നിവർ സഹകാർമ്മികരായിരുന്നു. 22 സമർപ്പിതർ ഭവനസന്ദർശനങ്ങളിൽ പങ്കുകാരായി. സമാപന ദിവസമായ 21-ാം തീയതി ശനിയാഴ്ച ഇടവകയിലെ യുവജന സംഗമവും ഇടവക കൗൺസിൽ യോഗവും നടത്തി. അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മദ്ധ്യേ ഹോം മിഷന്റെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്യണമെന്ന് ഉദ്ബോധിപ്പിച്ചു.

കണ്ണാന്തുറ വിശുദ്ധ പത്രോശ്ലീഹാ ദൈവാലയത്തിൽ ജൂലൈ 23-ാം തീയതി അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലർപ്പിച്ച സമൂഹദിവ്യബലിയോടെ ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഹോം മിഷന്റെ ഭാഗമായി സമർപ്പിതരുടെ ഭവനസന്ദർശനവും ശുശ്രൂഷാ സമിതികളുടെ കൂടിവരവും നടന്നു വരുന്നു. ആഗസ്റ്റ് 12-ാം തീയതി സമാപിക്കുന്നു.

മുട്ടട ഹോളി ക്രോസ് ദൈവാലയത്തിൽ ആഗസ്റ്റ് 17-ാം തീയതി തുടങ്ങി 26-ന് സമാപിക്കുന്നു.





## അഞ്ചുതെങ്ങ് ഫെറോന

**ഫെറോനാതലം:** പുതുക്കി പണിത അഞ്ചുതെങ്ങ് ഫെറോനാ സെന്റർ 2018 ജൂലൈ 8-ാം തീയതി വൈകുന്നേരം 4.30-ന് അതിരൂപതാ സഹായമെത്രാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഫെറോനാ വികാരി ബഹു. ഫാ. ജോസഫ് ഭാസ്ക്കരൻ, സെക്രട്ടറി റവ. ഫാ. ജോൺ ഡാൾ, ഫെറോനാ വൈദികർ, സിസ്റ്റേഴ്സ്, കോർഡിനേറ്റേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു. ഉദ്ഘാടന കർമ്മതത്തിനുശേഷം ഫെറോന സെന്റർ ഹാളിൽ നടന്ന യോഗത്തിൽ പിതാവ് അദ്ധ്യക്ഷനായിരുന്നു. പിതാവ് ഫെറോന സെന്ററിന്റെ ആവശ്യകതയെക്കുറിച്ചും വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. കൂടാതെ, കെ.ആർ. എൽ.സി.സി. തലത്തിൽ നടത്തിയ മതബോധന പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ വെണ്ണിയോട് ഇടവകയിലെ റോജന റോബർട്ടിന് പിതാവ് മൊമന്റോ നൽകി അനുമോദിച്ചു. സ്നേഹ വിരുന്നിനുശേഷം യോഗം പിരിഞ്ഞു.

അന്നേദിവസം തന്നെ ഉച്ചക്കു 2 മണിക്ക് ഫെറോന സമിതി യോഗവും കൂടി. യോഗത്തിൽ ബി.സി.സി. കോർഡിനേറ്റർ ബഹു. ബിജിൻ അച്ചന്റെ അസാന്നിദ്ധ്യത്തിൽ ഫെറോനാ ആനിമേറ്റർ സിസ്റ്റർ ജനറ്റ് യോഗത്തിന് നേതൃത്വം നൽകി. താഴെപറയുന്ന കാര്യങ്ങൾ യോഗത്തിൽ ചർച്ചചെയ്തു.

1. കോർഡിനേറ്റർ ബി.സി.സി. കൂട്ടായ്മയുടെ പ്രവർത്തനം എത്ര മാത്രം സജീവമാണെന്ന് അന്വേഷിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ അടുത്ത മാസത്തെ റിപ്പോർട്ട് തയ്യാറാക്കുക.
2. യോഗത്തിൽ എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്തം ഉണ്ടോ എന്ന് ഉറപ്പുവരുത്തുക.

3. മാസത്തിൽ ഒരു പ്രാവശ്യം കോർഡിനേറ്റർ അച്ചനും, ആനിമേറ്റർ സിസ്റ്ററും ഓരോ ഇടവകയും സന്ദർശിക്കുക.
4. ഇടവക കൗൺസിൽ പലപ്പോഴും നിർമ്മാണ പ്രവർത്തനത്തിന് മുൻതൂക്കം കൊടുക്കുന്നു. ആയതിനാൽ ബി.സി.സി. കോർഡിനേറ്റർ യൂണിറ്റിന്റെ പ്രവർത്തനം ചർച്ചയിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് ഓർമ്മിപ്പിച്ചു.
5. ഈ ചർച്ച വിഷയങ്ങൾ അടുത്ത യോഗത്തിൽ കോർഡിനേറ്റർ ബഹു. ബിജിൻ അച്ചന്റെ മുന്നിൽ അവതരിപ്പിക്കാം എന്ന് യോഗം തീരുമാനിച്ചു.

**ഇടവകതലം:**

അരയതുരുത്തി: ഇടവകയിൽ ബി.സി.സി. മീറ്റിംഗ് കൂടുകയും യൂണിറ്റുതല പ്രവർത്തനങ്ങൾ സജീവമായി നടക്കുകയും ചെയ്യുന്നുണ്ട്. ബി.സി.സി. യോഗങ്ങളിൽ ഇടവക വികാരിയുടെയും സിസ്റ്ററിന്റേയും സാന്നിദ്ധ്യവും ഉണ്ട്. ജൂൺ മാസത്തിൽ വി. അന്തോനീസിന്റെ തിരുനാൾ ആഘോഷിക്കുകയുണ്ടായി. രൂപതയുടെ കീഴിലുള്ള മുൻകാല യുവജന ശുശ്രൂഷാ പ്രവർത്തനകർ ജൂൺ മാസം 20-ാം തീയതി ഇടവകയിൽ വരുകയും അവർ ഇടവകയിലെ യുവജനങ്ങൾക്ക് ഒരു മണിക്കൂർ തെയ്സേ പ്രാർത്ഥന നടത്തുകയും ചെയ്തു.

**ആറ്റിങ്ങൽ:** ഇടവകയിൽ 1, 3, 4 എന്നീ ആഴ്ചകളിൽ വൈകുന്നേരം 4 മണിക്ക് യോഗം നടക്കുന്നു. സെന്റ് ആന്റണീസ് യൂണിറ്റ് വാർഷികം ആഘോഷിച്ചു.

**മാമ്പള്ളി:** ഇടവകയിൽ 28 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 14-07-2018 ശനിയാഴ്ച 8-ാം തീയതി യൂണിറ്റിന്റെ നേതൃത്വത്തിൽ ബി.സി.സി. ജനറൽ ബോഡി കൂടി 24 യൂണിറ്റുകൾ യോഗത്തിൽ





പങ്കെടുത്തു. സെന്റ് തോമസ്, സെന്റ് ഹെൻട്രി, സെന്റ് മേരി മഗ്ദലേന, സെന്റ് അൽഫോൻസാമ്മ എന്നീ യൂണിറ്റുകൾ വാർഷികം നടത്തി.

**റവ. ഫാ. ബിജിൻ** — **സിസ്റ്റർ ജാനറ്റ് റോച്ച RSC**

വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## പാളയം ഫെറോന

1. ബി.സി.സി. എക്സിക്യൂട്ടീവ് യോഗം റവ. ഫാ. ആന്റണി സിൽവസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടി. മുൻമാസ പ്രവർത്തനം വിലയിരുത്തി. ചില പ്രത്യേക ഇടവകകളിലെ കോർഡിനേറ്റർമാർ കൂടെക്കൂടെ ഫെറോന കമ്മിഷൻ യോഗത്തിൽ ഹാജരാകാതെയും റിപ്പോർട്ടു തരാതെയും ഇരിക്കുന്നത് വളരെ ഗൗരവമുള്ളതായി കണക്കാക്കി. വിവരം ബന്ധപ്പെട്ട ഇടവക വികാരിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉത്തരവാദിത്വമുള്ള മറ്റൊരാളെ പകരം അയക്കുവാനും യോഗവിവരം വികാരിയച്ചനേയും കോർഡിനേറ്ററെയും അറിയിക്കുവാനും തീരുമാനിച്ചു. ഈ മാസം നടക്കുന്ന കമ്മിഷൻ യോഗത്തിൽ പ്രേഷിത കുരിശിന്റെ ഫെറോനാതല പ്രയാണത്തിന് നേതൃത്വം വഹിച്ച കോർ ടീമിനെ കൂടി ക്ഷണിക്കുവാൻ തീരുമാനിച്ചു.
2. പാളയം ഫെറോന ബി.സി.സി. കമ്മിഷൻ ഏഴാം തീയതി ശനിയാഴ്ച അഞ്ചുമണിക്ക് വെള്ളയമ്പലം ഇടവക ഹാളിൽ കൂടി. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും പ്രേഷിത കുരിശിന്റെ പ്രയാണ കോർടീം കൺവീനറുമായ ഡോക്ടർ ജോർജും ടീം അംഗങ്ങളും പങ്കെടുത്ത യോഗമായിരുന്നു. പ്രാർത്ഥന, സ്വാഗതം, മുൻയോഗറിപ്പോർട്ട് അവതരണം എന്നിവക്കുശേഷം പ്രേഷിത കുരിശിന്റെ പ്രയാണം സംബന്ധിച്ച

ഒരുക്കം, നടത്തിപ്പ്, സമാപനം സംബന്ധിച്ച് അംഗങ്ങൾ ചർച്ച ചെയ്തു വിലയിരുത്തൽ നടത്തി. മുന്നൊരുക്കം എല്ലാ ഇടവക പ്രതിനിധികളെയും ഉൾപ്പെടുത്തി ഏറ്റവും മാതൃകയായത് ക്രിസ്തുരാജപുരം, കുലശേഖരം ഇടവകകളാണ്. പേട്ട ഫെറോനയിൽ നിന്ന് കുരിശ് ഏറ്റുവാങ്ങാൻ അതിരൂപതാ – ഫെറോന – ഇടവക പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഓരോ ഇടവകയിലെയും സ്വീകരണം, പ്രാർത്ഥന, ക്ലാസുകൾ, വിശദീകരണങ്ങൾ, കൈമാറ്റം എല്ലാം വളരെ ഭക്തിസാന്ദ്രവും പ്രേഷിത ചൈതന്യം ഉണർത്തുന്നതും തുടർ പ്രവർത്തനങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതും ആയിരുന്നു. രണ്ടിടവകകൾ ഒഴികെ മറ്റു 17 ഇടവകകളിലും നല്ല ഒരുക്കവും സഹകരണവും പങ്കാളിത്തവും ലഭിച്ചു.

3. തുടർപ്രവർത്തനങ്ങളിൽ യൂണിറ്റുയോഗങ്ങളിലും ഇടവക ജനറൽബോഡിയിലും സഭയുടെ പ്രേഷിത മുഖം വെളിപ്പെടുത്തുന്ന ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകണമെന്ന് തീരുമാനിച്ചു. അതിരൂപത തയ്യാറാക്കിയ 'പങ്കാളിത്ത സഭ സുവിശേഷവത്ക്കരണത്തിനും സാക്ഷ്യത്തിനും' എന്ന വിഷയം അധികരിച്ചുള്ള "സഭാ ജീവിതത്തിന്റെ നവീനത" എന്ന രണ്ടു മോഡ്യൂളുകളും പരമാവധി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചു.
4. ഹാർട്ട് ടൂ ഹാർട്ട് ലിങ്ക് എന്ന ആശയം കുടുംബങ്ങൾ, യൂണിറ്റുകൾ, ഇടവകകൾ തമ്മിൽ തമ്മിൽ വ്യാപിപ്പിക്കണമെന്നും ഈ ആശയം ഇന്നത്തെ കാലഘട്ടത്തിൽ ദൈവം നൽകിയ സമ്മാനമായി ബി.സി.സി. കോർഡിനേറ്റർമാർ സ്വീകരിക്കണമെന്നും തീരുമാനിച്ചു.
5. ബി.സി.സി. കോർഡിനേറ്റർ എല്ലാ ശുശ്രൂഷകളേയും പ്രത്യേകിച്ച് കുടുംബശുശ്രൂഷയെ ശക്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അതുവഴി യൂണിറ്റുകൾ സജീവമാക്കുകയും ഇടവക സുസ്ഥിരവികസനം പ്രാപിക്കുകയും ചെയ്യണമെന്നും അഭിപ്രായപ്പെട്ടു.





**ഇടവകതലം**

പതിനാറ് ഇടവകകളിൽ ലീഡേഴ്സ് യോഗം നടന്നു. കർമ്മലമാതാവിന്റെ തിരുനാൾ മിക്ക ഇടവകകളിലും ഭക്തിനിർഭരമായി ആഘോഷിച്ചു. ഡിജിറ്റൽ ഫ്രീ ഔവർ യൂണിറ്റുഭാരവാഹികളും കുടുംബശുശ്രൂഷാ പ്രതിനിധികളും ചേർന്നു പ്രാവർത്തികമാക്കാൻ ശ്രമം ഉണ്ടായി. ഏകദേശം 70% യൂണിറ്റുയോഗങ്ങൾ മാത്രമേ ഈ മാസം നടന്നുള്ളൂ.

**റവ. ഫാ. ആന്റണി സിൽവസ്റ്റർ** — വൈദിക കോർഡിനേറ്റർ

**സെബാസ്റ്റ്യൻ വൈ.** — ആനിമേറ്റർ

## വലിയതുറ ഫെറോന

ജൂലൈ 20-ന് റവ. ഫാ. ലാസറിന്റെ നേതൃത്വത്തിൽ ബി.സി.സി. കമ്മിഷൻ മീറ്റിംഗ് നടന്നു. ജൂൺ മാസം നടന്ന ഫെറോനാതല ക്ലാസിനെ കുറിച്ച് വിലയിരുത്തൽ, തുടർ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും ഇടവകതല പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**ഇടവകതലം**

**സെന്റ് സേവ്യഴ്സ് വലിയതുറ:** 28-06-2018-ൽ ബി.സി.സി. യോഗം നടക്കുകയും അതിൽ എല്ലാ ശുശ്രൂഷകളുടെയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഇടവക വികാരി റവ. ഫാ. ജോസിന്റെ സ്ഥലമാറ്റത്തെ തുടർന്ന് അച്ചന്റെ എല്ലാ സേവനങ്ങൾക്കും ഭാരവാഹികൾ നന്ദിയർപ്പിച്ചു.

**തോപ്പ്:** റവ. ഫാ. സൈറസിന്റെ നേതൃത്വത്തിൽ കുടുംബപ്രതി

ഷ്ഠയും നവീകരണവും യൂണിറ്റ് അടിസ്ഥാനത്തിൽ ചെയ്തു വരുന്നു. ശുശ്രൂഷാ സമിതികൾ കർമ്മനിരതമാണ്. ഉദാ: ടി.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ വൃക്ഷതൈകൾ വിതരണം ചെയ്യുകയും നടുകയും ചെയ്തുകൊണ്ടാണ് പരിസ്ഥിതി ദിനമായ ജൂൺ 5 ആഘോഷിച്ചത്. ജൂലൈ 8-ാം തീയതി വിധവാ ഫോറത്തിന്റെ ഒന്നാം വാർഷികാഘോഷം വിപുലമായ രീതിയിൽ കുടുംബശുശ്രൂഷയുടെ നേതൃത്വത്തിൽ നടത്തുകയും രൂപതാ റിസോഴ്സ് ടീം അംഗം ശ്രീമതി ആഗ്നസ് ക്ലാസ് നല്കുകയും ചെയ്തു.

**കൊച്ചുവേളി:** തിരുഹൃദയ വണക്കമാസത്തോടനുബന്ധിച്ച് ബഹു. വികാരിയച്ചനും ബഹു. സിസ്റ്റേഴ്സും 12 യൂണിറ്റുകൾ സന്ദർശിക്കുകയും കുടുംബപ്രതിഷ്ഠ നടത്തുകയും ചെയ്തു. ഇടവകയിൽ എസ്.എസ്.എൽ.സി., +2 പാസായ വിദ്യാർത്ഥികളെ പ്രത്യേകിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ ജിൻസി ജോണിന് ക്യാഷ് അവാർഡ് നൽകി ആദരിച്ചു. ഇടവക സ്കൂൾ വികസന സമിതി അംഗങ്ങൾ ചേർന്ന് മെച്ചപ്പെട്ട രീതിയിൽ വിപുലമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ എല്ലാവിധത്തിലും സഹകരിച്ചു. യുവജനദിനത്തിൽ യുവജനങ്ങൾ ഒരുമിച്ചു കൂടി. യുവജനങ്ങൾക്കായ് മൂന്ന് ദിവസത്തെ ധ്യാനം സംഘടിപ്പിച്ചു. 180 പേർ പങ്കെടുത്തു.

**കണ്ണാന്തുറ:** ജൂലൈ 23-ാം തീയതി മുതൽ ആഗസ്റ്റ് 12 വരെ ഹോം മിഷൻ നടത്തുന്നു. റവ. ഫാ. മൈക്കൾ തോമസിന്റെ നേതൃത്വത്തിൽ വികാരിയച്ചനും ഇടവക അംഗങ്ങളും ബി.സി.സി. യൂണിറ്റു തലത്തിൽ ഒരുക്കങ്ങൾ നടത്തിവരുന്നു.

**റവ. ഫാ. ലാസർ ബെനഡിക്ട്**
വൈദിക കോർഡിനേറ്റർ

**സിസ്റ്റർ മേരി ഹേമ**
ആനിമേറ്റർ





## കോവളം ഫെറോന

കോവളം ഫെറോനയുടെ ജൂൺമാസത്തെ ബി.സി.സി. കമ്മിഷൻ യോഗം പ്രത്യേക കാരണങ്ങളാൽ മാറ്റി, ജൂലൈ മാസം 1-ാം തീയതി പൂങ്കുളത്ത് വച്ച് നടത്തുകയുണ്ടായി. അന്ന് ഫെറോനാ ബി.സി.സി. കോർഡിനേറ്ററായി ചുമതലയേറ്റ ബഹുമാനപ്പെട്ട സനീഷ് അച്ചനെ ഫെറോന സമിതി സ്വാഗതം ചെയ്തു. അന്നേദിവസം ഇടവകകളിലെ റിസോഴ്സ് ടീം ശക്തിപ്പെടുത്തുന്നതിനെ കുറിച്ചും, ടീമിന് ക്ലാസുകളും, സെമിനാറുകളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ജൂൺ മാസത്തിൽ രൂപതയിൽ നടന്ന പ്രേഷിത കുരിശ് പ്രയാണത്തിന്റെ സമാപന ചടങ്ങിൽ നമ്മുടെ മിക്ക ഇടവകകളുടെയും സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഫെറോനയിൽ മിക്ക ഇടവകകളിലും ബി.സി.സി. ജനറൽ ബോഡി കൂടുകയും, പ്രവർത്തനങ്ങളെ വിലയിരുത്തുകയും, വരും ദിനങ്ങൾക്കുവേണ്ട പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നു. ഓരോ ഇടവകയിലും ബി.സി. സി.യുടെയും വിവിധ ശുശ്രൂഷ സമിതികളുടെയും പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. വിവിധ ഇടവകകളിൽ ബി.സി.സി. യൂണിറ്റ് വാർഷികം വളരെ സന്തോഷത്തോടുകൂടി ആഘോഷിക്കുകയുണ്ടായി.

ഹോം മിഷൻ നടന്ന ഇടവകകളിലെ തുടർപ്രവർത്തനങ്ങൾ ഓരോ സമിതിയുടെയും നേതൃത്വത്തിൽ തീരുമാനിച്ച് പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുന്നു. പാലപ്പൂര്, നെല്ലിയോട്, കാക്കാമൂല എന്നീ ഇടവകകളിൽ ചില യൂണിറ്റുകളുടെ വാർഷികം ആഘോഷിച്ചു. വവ്വാമൂല സെന്റ് ജോസഫ് ദൈവാലയത്തിലെ ഹോം മിഷൻ 18-ാം തീയതി മുതൽ 21-ാം തീയതി വരെ നടത്തി.

ലോഗോസ് 2018-നു വേണ്ടിയുള്ള ഒരുക്ക പഠനങ്ങൾ എല്ലാ ഇടവകകളിലും ആരംഭിച്ചു. കാക്കാമൂലയിൽ കുട്ടികളുടെ ബി.സി.സി. ആരംഭിച്ച് പ്രവർത്തനങ്ങൾ തുടരുന്നു.

**റവ. ഫാ. സനീഷ്** — **സിസ്റ്റർ ജെമിനി**

വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന കമ്മിഷൻ യോഗം ജൂലൈ 14-ന് ലൂർദ്ദുപുരം ഇടവകയിൽ കൂടി. ഫെറോന ബി.സി.സി. കോർഡിനേറ്റർ ഫാ. നിജു അജിത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 10 ഇടവകകളിൽ നിന്നും പ്രാതിനിധ്യമുണ്ടായിരുനന്നു. ആഗസ്റ്റ് മാസം ഫെറോനാ സംഗമം നടത്തും. അതിന്റെ ഒരുക്കത്തിനുള്ള ഉത്തരവാദിത്തങ്ങൾ കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തി.

**ഇടവകതലം**

**അടിമലത്തുറ:** ലീഡർമാരുടെ യോഗം നടത്തി 143 പേർ പങ്കെടുത്തു. 2-ാം ശനിയാഴ്ച വൈകുന്നേരം 5.30-ന് ഇടവകയിലെ എല്ലാ കുടുംബയൂണിറ്റുകളും ഒരേസമയം കൂടുവാൻ തീരുമാനിച്ചു. ഞായറാഴ്ചകളിൽ അമലോത്ഭവമാതാ ദൈവാലയത്തിൽ ഒന്നാമത്തെ ദിവ്യബലിക്കും ഫാത്തിമമാതാ ദൈവാലത്തിൽ രണ്ടാമത്തെ ദിവ്യബലിക്കും ക്രമീകരണങ്ങളും ഒരുക്കങ്ങളും യൂണിറ്റുതലത്തിൽ നടത്തണമെന്ന് വികാരി അച്ചൻ അറിയിച്ചു. എല്ലാ ശുശ്രൂഷാ സമിതികളുടെയും റിപ്പോർട്ട് അടുത്ത ജനറൽ ബോഡി യോഗത്തിൽ അവതരിപ്പിക്കണമെന്നും അറിയിച്ചു.

**കൊച്ചുപള്ളി:** 5 യൂണിറ്റുകൾ ഞായറാഴ്ച 5 മണിക്ക് കൂടുന്നു. 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.





**കരിച്ചൽ:** 50 കുടുംബങ്ങൾ സജീവമാണ്. രണ്ടു യൂണിറ്റുകളും കൃത്യമായി കൂടുന്നു. നല്ല പങ്കാളിത്തം ഉണ്ട്. 10 പേർക്ക് ഭക്ഷണം കൊടുക്കുന്നു.

**ചൊവ്വര:** മൂന്നു യൂണിറ്റുകളും നന്നായി സഹകരിച്ചു പ്രവർത്തിക്കുന്നു. അവധിക്കാല ബൈബിൾ ക്ലാസ് നടത്തി. പ്രേഷിത കുരിശിന്റെ സാന്നിദ്ധ്യത്തിൽ രാത്രി മുഴുവനും പ്രാർത്ഥിച്ചു. വളരെ നല്ല അനുഭവമായിരുന്നു.

**നമ്പ്യാതി:** 5 യൂണിറ്റുകളും കൃത്യമായി കൂടുന്നു. സമിതികൾ എല്ലാം കൂടുന്നു.

**പുതിയതുറ:** 77 യൂണിറ്റുകൾ 12 വാർഡുകളുമുള്ള ഇടവകയിലെ ബി.സി.സി. ജനറൽ ബോഡി യോഗം കൂടുന്നുണ്ട്. പ്രവർത്തനങ്ങളിൽ മന്ദീഭവിച്ചിരിക്കുന്ന യൂണിറ്റുകൾ അച്ചനും സിസ്റ്ററും സന്ദർശിച്ച് പ്രവർത്തനനിരതമാക്കാൻ സഹായിക്കുന്നു.

**പള്ളം:** 19 യൂണിറ്റും ജനറൽ ബോഡി യോഗവും സമിതികളുടെ യോഗവും കൂടുന്നു. യുവജനദിനം ആഘോഷിച്ചു. എസ്.എസ്.എൽ.സി., +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ കിട്ടിയ കുട്ടികൾക്ക് അവാർഡും ഏറ്റവും ഉയർന്ന മാർക്ക് നേടിയ കുട്ടികൾക്ക് ഗോൾഡ് മെഡലും കൊടുത്തു. കടപ്പുറം വൃത്തിയാക്കി. സി.എ. പഠിക്കുന്ന കുട്ടിക്ക് ഫീസിന്റെ 10% ഇടവകയിൽ നിന്നും കൊടുക്കുന്നു. ചന്തയിൽ ജോലി ചെയ്യുന്ന കുട്ടിക്ക് അപകടം ഉണ്ടായപ്പോൾ ഇടവകയിൽ നിന്നും ധനസഹായം നൽകി. ഒരു വിധവയുടെ കുടുംബത്തിന് വീട് വയ്ക്കാൻ സ്ഥലം കൊടുത്തു.

**ലൂർദ്ദുപുരം:** 12 യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ സമിതി കൂടി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി. മറ്റു സമിതികളും സജീവമാണ്. കുട്ടികളുടെ ബി.സി.സി.യും വാർഡുതല കൺവെൻഷനും നടത്താൻ തീരുമാനിച്ചു.

**കരുംകുളം:** പുതിയ വികാരി വന്നതിനുശേഷം എല്ലാ സമിതികളും സജീവമായി. യൂണിറ്റുകൾ കൂടുവാൻ തുടങ്ങി. മാസാദ്യ വെള്ളിയാഴ്ചയിലെ ആരാധന യൂണിറ്റുതലത്തിൽ നടത്തുന്നു. കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി.

**പൂവ്വാർ:** 44 യൂണിറ്റ്, 4 വാർഡ് മാസത്തിലെ 3 ശനിയാഴ്ചകളിലും ഒരു ബുധനാഴ്ചയുമായി യൂണിറ്റുകൾ കൂടുന്നു. ആദ്യത്തെ ഞായറാഴ്ച ജനറൽ ബോഡി കൂടും. പുതിയ വികാരി വന്നതോടുകൂടി എല്ലാ സമിതികളും വളരെ സജീവമായി പ്രവർത്തിക്കുന്നു. ഏകസ്ഥ കൂട്ടായ്മയിലും വിവാഹിതരായവർക്കുള്ള ഫൊറോനാതല സെമിനാറിലും സജീവപങ്കാളിത്തമുണ്ടായിരുന്നു.

**കൊല്ലങ്കോട്:** എല്ലാ യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു. ശുശ്രൂഷാ സമിതികളും സജീവമാണ്. കുട്ടികൾക്കുള്ള ബി.സി.സി. തുടങ്ങി. യുവജന ബി.സി.സി. ഉടനെ തുടങ്ങും. ഫൊറോനാ ആനിമേറ്റർ യൂണിറ്റുകൾ സന്ദർശിച്ചു.

**റവ. ഫാ. നിജു അജിത്ത്**
വൈദിക കോർഡിനേറ്റർ

**സിസ്റ്റർ മേരിക്കുട്ടി**
ആനിമേറ്റർ





# അജപാലനശുശ്രൂഷ

A. പ്രവർത്തന റിപ്പോർട്ട്

**1) സദ്ബോധന ബൈബിൾ സ്കൂൾ**

സദ്ബോധന ബൈബിൾ സ്കൂൾ നാലാം ബാച്ചിലെ ആറാമത്തെ ക്ലാസ് 28-ാം തിയതി വെള്ളയമ്പലം ഇടവക ഹാളിൽ വച്ച് നടന്നു. പൗലോസിന്റെ ലേഖനങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ഫാ. ലോറൻസ് കുലാസ് ക്ലാസ് നയിച്ചു. 48 പേർ പങ്കെടുത്തു.

**2) ലോഗോസ് ക്വിസ് - 2018**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നു.

**B. അറിയിപ്പ്**

**1) സദ്ബോധന ബൈബിൾ സ്കൂൾ**

അടുത്ത ബെബിൾ ക്ലാസ് ആഗസ്റ്റ് മാസം 18-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടക്കുന്നതാണ്. വിഷയം : പഞ്ചഗ്രന്ഥി.

**2) ലോഗോസ് - 2018**

പി.ഒ.സി. യിൽനിന്നും ലഭ്യമായ അറിയിപ്പ് അനുസരിച്ച് ലോഗോസ് ബൈബിൾ ക്വിസ് 2018 രജിസ്ട്രേഷൻ ആഗസ്റ്റ് 10-ാം തിയതി വരെ നടത്താവുന്നതാണ്.

**3) ലോഗോസ് ആപ്പ് 2018**

ലോഗോസ് ബൈബിൾ ക്വിസ് 2018-ന് ഒരുങ്ങാൻ അതിരൂപത അജപാലനശുശ്രൂഷയും മീഡിയ കമ്മിഷനും സംയുക്തമായി തയ്യാറാക്കിയ Logos App 2018 google play store-ൽ Latin Archdiocese of Trivandrum Logos Quiz 2018 എന്ന ലിങ്കിൽ നിന്നും download ചെയ്യാൻ കഴിയും.

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

A. പ്രവർത്തന റിപ്പോർട്ട്

**1) സംസ്ഥാനതല സ്കോളർഷിപ്പ് വിജയികൾ**

മെയ് 16-ാം തിയതി നടന്ന കെ.ആർ.എൽ.സി.സി.

സ്കോളർഷിപ്പ് സംസ്ഥാനതല പരീക്ഷയിൽ തിരുവനന്തപുരം അതിരൂപതയിൽ നാല് പേർക്ക് ഒന്നാം സ്ഥാനവും (**റോജന റോബർട്ട്** - വെണ്ണ്കോട്, **ജൂലിയ യൂജിൻ** - പുതിയതുറ, **നവ്യ. ആർ** - പെരിങ്ങമല, **ഷാനിമോൾ** - കൊല്ലങ്കോട്). മൂന്നാം സ്ഥാനം (**ജെനിഫർ കെനഡി** - വിഴിഞ്ഞം, **അനാമിക സിൽവ** - ശാന്തി പുരം) എന്നിവർക്കും ലഭിച്ചു.

### 2) അധ്യാപക പരിശീലനം

14-07-2018 ശനിയാഴ്ച കോവളം, കഴക്കൂട്ടം എന്നീ ഫെറോനകളിൽ കൂദാശകൾ, മതബോധനം എന്ത്? എന്തിന്? എന്നീ വിഷയങ്ങളെ ആസ്പദമാക്കി പരിശീലന ക്ലാസുകൾ നടത്തി. ഫാ. ജൂലിയറ്റ് പയസ് ലോറൻസ്, ഫാ. പ്രബൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. ഫാ. പ്രബിൻ, ഫാ. എൽക്കിൻ, സിൽവദാസ്. എഫ്, ജോൺ തുണ്ടത്തിൽ എന്നിവർ സംഘാടകരായി പ്രവർത്തിച്ചു.

### B. അറിയിപ്പ്

**1)** 8 മുതൽ 12 വരെ ക്ലാസ്സിലെ ക്രിസ്തീയവിശ്വാസജീവിതപരിശീലനക്ലാസിലെ വിദ്യാർഥികൾക്ക് 40% മാർക്കിൽ കൂടുതലും 80%മെങ്കിലും ഹാജരും ഉണ്ടെങ്കിൽ മാത്രമേ അതിരൂപത കാര്യാലയത്തിൽ നിന്നും സർട്ടിഫിക്കറ്റ് ഒപ്പിട്ട് നല്കുകയുള്ളൂ. സർട്ടിഫിക്കറ്റ് ഒപ്പിട്ട് നല്കുന്ന അവസരത്തിൽ മാർക്ക് രജിസ്റ്റർ, ഹാജർ രജിസ്റ്റർ എന്നിവ സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**2)** ഇടവക കാര്യാലയത്തിൽ ക്രിസ്തീയവിശ്വാസജീവിതപരിശീലനവുമായി ബന്ധപ്പെട്ട് താഴെപറയുന്ന രേഖകൾ ഉണ്ടാക്കേണ്ടതാണ്: 1) അഡ്മിഷൻ രജിസ്റ്റർ, 2) മാർക്ക് രജിസ്റ്റർ; 3) വിദ്യാർഥികളുടെ ഹാജർ രജിസ്റ്റർ; 4) അധ്യാപകരുടെ ഹാജർ രജിസ്റ്റർ; 5) സ്റ്റാഫ് മീറ്റിംഗ് റിപ്പോർട്ട്; 6) വാർഷിക റിപ്പോർട്ട്; 7) പ്രോഗ്രസ് കാർഡ്; 8) ചോദ്യപേപ്പർ ഫയൽ; 9) കറസ്പോണ്ടൻസ് ഫയൽ; 10) മത്സരങ്ങളുടേയും സമ്മാനാർഹരുടെയും രജിസ്റ്റർ; 11) ഫെറോന, അതിരൂപതാ ടീമിന്റെ സന്ദർശന ഡയറി; 12) ലൈബ്രറി - സ്റ്റോക്ക് രജിസ്റ്റർ; 13) ലൈബ്രറി





പുസ്തക വിതരണ രജിസ്റ്റർ. ഇവയിൽ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അധ്യാപകരുടെ ഹാജർ രജിസ്റ്റർ, വിദ്യാർഥികളുടെ ഹാജർ രജിസ്റ്റർ എന്നിവ അതിരൂപത കാര്യാലയത്തിൽ നിന്നും വാങ്ങേണ്ടതാണ്.

## ദൈവശാസ്ത്രം

### A. പ്രവർത്തനം

### 1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്

"ദിവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സ് 28-ാം തിയതി ശനിയാഴ്ച വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. 52 പേർ പങ്കെടുത്തു. ''വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾ" എന്ന വിഷയത്തെ ക്കുറിച്ച് ഫാ. ലോറൻസ് കുലാസ് ക്ലാസ്സ് നയിച്ചു.

### B. അറിയിപ്പ്

1. "ദിവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സിന്റെ അടുത്ത ക്ലാസ് ആഗസ്റ്റ് 18-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടും. വിഷയം: "ലത്തീൻ കാനോൻ നിയമസംഹിത"; "സഭാപിതാക്കന്മാർക്കൊരാമുഖം"

## ആരാധനക്രമ കമ്മിഷൻ

### B. അറിയിപ്പ്

### 1) ദേവാലയസംഗീതം - തിരിച്ചറിയൽ കാർഡ്

ദൈവാലയസംഗീതം നല്കുന്നവർക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും അതിരൂപത മാനദണ്ഡങ്ങൾക്കനുസരിച്ച് അവർ ദൈവാലയസംഗീതം നല്കേണ്ടതുമാണ്. നിലവിലെ തിരിച്ചറിയൽ കാർഡ് ഡിസംബർ 2017 -ൽ കാലഹരണപ്പെട്ടതിനാൽ പുതിയ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നുണ്ട്. അച്ചന്റെ ഇടവകയിൽ തിരിച്ചറിയൽ കാർഡില്ലാത്തവരെയും അതിരൂപത മാനദണ്ഡങ്ങൾ പാലിക്കാത്തവരെയും ദൈവാലായ സംഗീതം നല്കാൻ അനുവദിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

2) ദേവാലയ സംഗീതം - മാർഗ്ഗരേഖ

1. അതിരൂപതാ അംഗീകാരം സുചിപ്പിക്കുന്ന തിരിച്ചറിയൽ കാർഡ് ഉള്ളവർ മാത്രമേ അതിരൂപതയിലെ ദേവാലയങ്ങളിൽ സംഗീതോപകരണങ്ങൾ വായിക്കാൻ പാടുള്ളു.
2. താല്കാലിക (Temporary) തിരിച്ചറിയൽ കാർഡുള്ളവർ അവരുടെ ദേവാലയങ്ങളിൽ മാത്രമേ സംഗീതോപകരണങ്ങൾ വായിക്കാൻ പാടുള്ളൂ.
3. വിശ്വാസ സമൂഹത്തെ ഭക്തിയിലേക്ക് നയിക്കുന്നതിനും, തിരുക്കർമ്മങ്ങളുടെ ആന്തരിക സ്വഭാവത്തിനും, ദേവാലയത്തിന്റെ പാവനതയ്ക്കും ഇണങ്ങുന്ന ഓർഗൺ/ഹർമോണിയം, തബല, വയലിൻ എന്നിവ മാത്രമേ ഉപയോഗിക്കാവൂ.
4. നേരത്തെ പ്രോഗ്രാം ചെയ്തുവച്ച (Feed ചെയ്ത Floppy, CD) സംഗീതം നിർബന്ധമായും പാടില്ല.
5. സംഗീതോപകരണങ്ങളുടെ ശബ്ദം ഗാനശബ്ദത്തേക്കാൾ ഉയർന്നു നിൽക്കുവാൻ പാടില്ല.
6. ദിവ്യബലിയിലുള്ള 'കർത്താവേ കനിയണമെ', അത്യൂന്നതങ്ങളിൽ 'പരിശുദ്ധൻ', 'മരണം വരിച്ചു', 'സ്വർഗ്ഗത്തിൽ വാഴും', ലോകത്തിൻ പാപം' തുടങ്ങിയ ഗാനങ്ങൾക്ക് bits നാല് ബാറിൽ കൂടാൻ പാടില്ല. ഈ ഗാനങ്ങൾ ആലപിക്കുമ്പോൾ ദിവ്യപൂജാഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന അംഗീകൃത രൂപം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇവയ്ക്കു പകരം മറ്റുഗാനങ്ങൾ ആലപിക്കാൻ പാടുള്ളതല്ല.
7. 'സ്വർഗ്ഗത്തിൽ വാഴും' എന്ന ഗാനത്തിനിടയ്ക്ക് പൂർണ്ണമായും bits ഒഴിവാക്കേണ്ടതും വരികൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.
8. സംഗീതോപകരണങ്ങൾ വായിക്കുന്നവർ ആരാധനക്കിടയിൽ പുറത്തുപോകാൻ പാടില്ല.
9. സംഗീതോപകരണങ്ങൾ വായിക്കുന്നവർ സുവിശേഷ വായനയ്ക്ക് എഴുന്നേറ്റ് നില്കുകയും പവിത്രീകരണ സമയത്ത് (consecration time) മുട്ടുകുത്തുകയും വേണം.





10. അതിരൂപതാതലത്തിൽ നല്കുന്ന പഠന ക്ലാസ്സുകളിൽ ദേവാലയസംഗീത സംഘത്തിലെ അംഗങ്ങൾ പങ്കെടുക്കുകയും അവിടെ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുകയും വേണം.
11. ബലിപീഠത്തിനഭിമുഖമായാണ് സംഗീത ഉപകരണങ്ങൾ ക്രമീകരിക്കേണ്ടത്. ഇടവക വികാരിയുടെ അനുവാദമില്ലാതെ സ്ഥാനമാറ്റം പാടുള്ളതല്ല.
12. വേദപാഠകം നിർദ്ദേശിക്കുന്ന 'പ്രതിവചന സങ്കീർത്തനം' ഈണം നല്കി ഉപയോഗിക്കേണ്ടതാണ്. പകരം ഏതെങ്കിലും സങ്കീർത്തനം ആലപിക്കാൻ പാടില്ല.
13. അല്ലേലൂയ പാടുകയും അതിന് ശേഷം വേദപാഠകം നിർദ്ദേശിക്കുന്ന സുവിശേഷത്തിനുമുമ്പുള്ള വരികൾ പാടുകയോ ചൊല്ലുകയോ ചെയ്യേണ്ടതാണ്. തപസ് കാലത്ത് അല്ലേലൂയ ഒഴിവാക്കി വേദപാഠകം നിർദ്ദേശിക്കുന്ന വചനഭാഗങ്ങൾ പാടുകയോ ചൊല്ലുകയോ ചെയ്യേണ്ടതാണ്.
14. "വിശ്വാസത്തിന്റെ രഹസ്യം" ഗാനരൂപത്തിലുള്ള ദിവ്യപൂജാക്രമത്തിലുള്ളതുപോലെ ആലപിക്കേണ്ടതാണ്.
15. സ്തോത്രയാഗ പ്രാർത്ഥനയുടെ അവസാന ഭാഗമായ സ്തുതിഗീതി (Doxology) ആലപിക്കുകയോ, ചൊല്ലുകയോ ചെയ്യുന്ന സമയത്തു തന്നെ ആരതി സമർപ്പിക്കേണ്ടതാണ്. ആരതിക്കായി പ്രത്യേക ഗാനം ഉപയോഗിക്കാൻ പാടുള്ളതല്ല.
16. ആഗമന കാലത്തും തപസുകാലത്തും ദിവ്യബലി മദ്ധ്യേ റിഥംകിറ്റ് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
17. ദിവ്യബലിയിലെ പ്രാർത്ഥനകൾ പ്രധാനകാർമ്മികൻ ആലപിക്കുമ്പോൾ ഗാനരൂപത്തിലുള്ള ദിവ്യപുജാക്രമം നിർദ്ദേശിക്കുന്ന മൂന്ന് ഈണങ്ങളിൽ ഒന്ന് മാത്രമെ ഉപയോഗിക്കാവു.
18. സംഗീത ദിവ്യബലിക്ക് കെ.അർ.എൽ.സി.ബി.സി. അംഗീകാരം നല്കിയ ഈണം മാത്രമേ നല്കാൻ പാടുള്ളൂ.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തവരുടെ തിരിച്ചറിയൽ കാർഡ് പിൻവലിച്ച് അതിരൂപതയിൽ ദേവാലയ

സംഗീതം നല്കുന്നതിൽ നിന്ന് വിലക്ക് കല്പിക്കാനുള്ള പൂർണ്ണ അധികാരം അജപാലനശുശ്രൂഷ ഡയറക്ടർക്കുണ്ടായിരിക്കും.

## കരിസ്മാറ്റിക് മുന്നേറ്റം

**A. പ്രവർത്തനം**

**1) മുക്തിധ്യാനം**

മേനംകുളത്തുള്ള അനുഗ്രഹഭവനിൽ ജൂലൈ 7 മുതൽ 13 വരെ ലഹരിക്ക് അടിമപ്പെട്ടവർക്കുവേണ്ടി ലഹരി വിമുക്തധ്യാനം സോണിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഫാ. ജസ്റ്റിൻ അലക്സ്, ഫാ. കോസ്മോസ് തോപ്പിൽ, ഫാ. ഡൊമിനിക്, ഫാ. ആൽബർട്ട്, ഫാ. ജോസഫ് എൽക്കിൻ, പ്രൊ. ഡൊനാൾഡ് ഡിക്രൂസ്, പ്രൊ. ജോർജ്ജ് ജോസഫ്, പ്രൊ. റ്റോജു ജോൺ, ബ്ര.ജോസഫ് ദാസൻ, ബ്ര. അജിത്ത് പെരേര, ബ്ര. ജേക്കബ് വർഗ്ഗീസ്, ബ്ര. ഫ്രെഡി ആന്റ് ടീം, പുതുക്കുറിച്ചി സബ്സോൺ ടീം, ബ്ര. ആന്റണി, ബ്ര. ജോസഫ്. എ.എസ്, ബ്ര. ലോറൻസ്, ബ്ര. കിരൺ, ബ്ര. റോയി, ബ്ര. അനിൽ ജസ്സി, ബ്ര. ജോയി, ബ്ര. ദാസൻ, ബ്ര. ഫ്രാങ്ക്ളീൻ, ബ്ര. ഗബ്രിയേൽ ജോസഫ്, ബ്ര. ബ്ര. വിൽസൺ, ബ്ര. സതീഷ്, ബ്ര. ജാക്സൺ, ബ്ര. ജോസഫ്, സിസ്റ്റർ ജിൻസ എന്നിവരാണ് ധ്യാനം നയിച്ചത്.

**2) കഴക്കൂട്ടം സബ്സോൺ**

റവ. ഫാ. ജോസഫ് എൽക്കിൻ ആനിമേറ്ററായി കഴക്കൂട്ടം സബ്സോൺ രൂപീകരിച്ചു. ഡോ. ഹ്യൂബർട്ട് സിൽവ, ശ്രീമതി റീനാ ഇമ്മാനുവേൽ, ശ്രീ. സൈറസ് എന്നിവരെ യഥാക്രമം കോ-ഓർഡിനേറ്റർ, സെക്രട്ടറി, ഖജാൻജി ആയി തെരഞ്ഞെടുത്തു.

**3) ഭവനസന്ദർശനം**

കെ.സി.സി.ആർ.എസ്.റ്റി അംഗങ്ങൾ സോണിലെ സേവന സമിതി അംഗങ്ങളുടെ ഭവനങ്ങൾ 27-06-2018-ൽ സന്ദർശിച്ചു. ചെയർമാൻ ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ, സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ, ശ്രീ. പോൾ വിജയകുമാർ എന്നിവർക്കൊപ്പം സോണിൽ നിന്നും കോ-ഓർഡിനേറ്ററും, സെക്രട്ടറിയും അവരെ അനുഗമിച്ചു. രാവിലെ 8 മണി മുതൽ തുടങ്ങി രാത്രി 8 മണിവരെ നീണ്ടുനിന്ന പരിപാടിയിൽ എല്ലാ അംഗങ്ങളുടെയും ഭവനം സന്ദർശിക്കുകയുണ്ടായി.





**4) ഏകദിനധ്യാനം**

പുതുക്കുറിച്ചി സബ്സോണിന്റെ നേതൃത്വത്തിൽ ജൂൺ 30-ാം തിയതി പാളയം മെട്രോപോളിറ്റൻ ദേവാലയത്തിലെ മദർ തെരേസാ ഹാളിൽ വെച്ച് നടന്ന ഏകദിനധ്യാനത്തിൽ 80 പേർ പങ്കെടുത്തു. സബ്സോൺ ആനിമേറ്റർ റവ. ഫാ. ഡേവിഡ്സൺ വചന സന്ദേശം നല്കുകയും ആരാധന നയിക്കുകയും ചെയ്തു. ബ്ര. ജോയി പെരേരയും വചന പ്രഘോഷണം നടത്തി.

**5) മധ്യസ്ഥപ്രാർഥന**

സോണിന്റെ നേതൃത്വത്തിലുള്ള ജൂലൈ മാസത്തെ മധ്യസ്ഥപ്രാർത്ഥന 5-ാം തിയതി വേളിയിലെ ചെറിയ പള്ളിയിൽ പേട്ട സബ്സോൺ നടത്തുകയുണ്ടായി.

**6) പുല്ലുവിള സബ്സോൺ സന്ദർശനം**

16-07-2018-ൽ സോണിലെ സേവന സമിതി അംഗങ്ങളായ ശ്രീ. ക്രിസ്തുദാസ്, ശ്രീ. ഡേവിഡ്, ശ്രീ. സ്റ്റീഫൻ റൂബൻ, ശ്രീ. ക്ലെമന്റ് ഡി സിൽവ, ശ്രീ. ആന്റണി. എ, ശ്രീമതി ജോയിസ് പയസ്, ശ്രീമതി ജോയിസ് ആന്റണി, ശ്രീമതി ഷാഹിതാ അനീറ്റ എന്നിവർ പുല്ലുവിള സബ്സോൺ സന്ദർശിച്ചു.

**7) യോഗം**

എമ്മാവൂസിൽ 17, 18 എന്നീ തിയതികളിൽ നടന്ന സോണൽ കോ-ഓർഡിനേറ്റർമാരുടെ യോഗത്തിൽ ശ്രീ. ക്രിസ്തുദാസ് പങ്കെടുത്തു.

**B. അറിയിപ്പ്**

കരിസ്മാറ്റിക് ധ്യാനം, പ്രാർഥന കൂട്ടായ്മ എന്നിവയെ സംബന്ധിച്ച് അതിരൂപതാ അധ്യക്ഷൻ 12-02-2016-ൽ പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ചാണ് അച്ചന്റെ ഇടവകയിൽ കരിസ്മാറ്റിക് ധ്യാനവും പ്രാർഥനയും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ അഭ്യർത്ഥിക്കുന്നു.

## അഞ്ചുതെങ്ങ് ഫെറോന

**ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം**

ഫെറോന എക്സിക്യൂട്ടീവ് യോഗം ജൂലൈ 7-നും ജനറൽ ബോഡി യോഗം 8-ന് കോഓർഡിനേറ്റർ ബോസ്ക്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. എല്ലാ ഇടവകയുടെയും പങ്കാളിത്ത

മുണ്ടായിരുന്നു. കെ.ആർ.എൽ.സി.സി സ്കോളർഷിപ്പ് സംസ്ഥാനതല പരീക്ഷയിൽ സ്റ്റാൻഡേർഡ് 8-ൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ റോജിന റോബർട്ടിന് ഫെറോനതലത്തിൽ ക്രിസ്തുദാസ് പിതാവ് മൊമെന്റോ നൽകി ആദരിച്ചു. ഫെറോന നിരീക്ഷണ സമിതി അംഗങ്ങൾ ഇടവകതല വിശ്വാസപരിശീലന ക്ലാസ്സുകൾ സന്ദർശിക്കുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ജൂലൈ 22-ന് വെന്നിക്കോട് 29-ന് ചമ്പാവും സന്ദർശിക്കുവാൻ തീരുമാനിച്ചു.

ടീച്ചേഴ്സ് ട്രെയിനിങ്ങും ഓണാഘോഷവും അഞ്ചുതെങ്ങ് ഫെറോന സെന്ററിൽ വച്ച് ആഗസ്റ്റ് 22-ന് ഫെറോന വാർഷിക മാമ്പള്ളി ഇടവകയിൽ വച്ച് 26-ന് നടത്തുവാനും തീരുമാനിച്ചു.

**ഫാ.ജോൺ ബോസ്ക്കോ** — **ഗ്ലാഡിസ് ജെയിംസ്**
കോഓഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

**കാറ്റികിസം:** 4-ാം തിയതി വൈകുന്നേരം 5.30-ന് വലിയതുറ കമ്മ്യൂണിറ്റി ഹാളിൽവച്ച് അജപാലന ഡയറക്ടർ ബഹുമാനപ്പെട്ട മെൽക്കോണച്ചന്റെ നേതൃത്വത്തിൽ കാറ്റികിസം വാർഷികാഘോഷ പരിപാടിയെക്കുറിച്ചുള്ള ഒരുക്കങ്ങൾ ക്രമീകരിച്ചു. 10-ാം തിയതി വലിയതുറ ഫെറോനാ കാറ്റികിസം വാർഷികാഘോഷ പരിപാടികൾ രാവിലെ 10.30 മുതൽ 1.30 വരെ കമ്മ്യൂണിറ്റി ഹാളിൽവച്ചു നടത്തി. 10 ഇടവകയിൽ നിന്നും 5-ാം ക്ലാസു മുതൽ ഡിഗ്രി വരെയുള്ള ക്ളാസ്സുകളിൽ ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങൾ നല്കുകയുണ്ടായി.

**ഫാ. മെൽക്കോൺ** — **മേരി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന മതബോധന സമിതി യോഗം 22-7-2018 ഞായറാഴ്ച കരുംകുളം ഇടവകയിൽ വച്ച് മതബോധന കോർഡിനേറ്റർ ഫാ.ശാന്തപ്പന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോട്കൂടി ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ ഫെറോന സെക്രട്ടറി മുൻ യോഗ റിപ്പോർട്ട് വായിച്ചു. റിപ്പോർട്ട് മതബോധന സമിതി അംഗങ്ങളുടെ അംഗീകാരത്തോടുകൂടി കോഓർഡിനേറ്റർ പാസ്സാക്കി. തുടർന്ന് റിപ്പോർട്ടിൻമേൽ അവലോകനം നടത്തി. തീരുമാനപ്രകാരം നടത്തേണ്ടുന്ന പ്രവർത്തനങ്ങളുടെ ക്രമീകരണം കഴിവതും വേഗം നടപ്പാക്കണമെന്ന് യോഗം വിലയിരുത്തി. തുടർന്ന് 2018-19-ലെ പ്ലാൻ ആന്റ് ബഡ്ജറ്റ് ആണ് തയ്യാറാക്കിയിരുന്നത്, പ്രസ്തുത പ്ലാൻ അവതരിപ്പിച്ച് വിലയിരുത്തുകയും, സമയബന്ധിതമായി ഓരോ പ്രവർത്തനങ്ങളും നപ്പിലാക്കുന്നതിനായുളള ക്രമീകരണം മതബോധനസമിതി നടത്തുകയും ചെയ്തു.

ഇതിനോടൊപ്പം ഓരോ ഇടവകയുടെ മതബോധനം നിരീക്ഷിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയിലെ കൺവീനർ ശ്രീ.അലക്സ് കഴിഞ്ഞ വർഷത്തെ നിരീക്ഷണ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് വിലയിരുത്തുകയും ഓരോ ഇടവകയുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുളള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ഫാ. ശാന്തപ്പൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഫെറോന പ്രവർത്തനങ്ങൾ**

ജൂലൈ 7 ന് ചിന്നത്തുറ സെന്റ് ജൂഡ് മെട്രിക്കുലേഷൻ സ്കൂളിൽ വച്ച് ഫാ.വിനു കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ യോഗം ആരംഭിച്ചു. എൽ.കെ.ജി മുതൽ +2 വരെയുളള ക്ലാസുകൾനമ്മുടെ രൂപതയിൽ നിന്നും മതബോധന ബുക്കുകൾ വാങ്ങാനും ഡിഗ്രി മുതൽ മാതാപിതാക്കൾക്കുള്ള ക്ലാസുകൾ വരെ കഴിതുറ രൂപതയിൽ നിന്നും ബുക്കുകൾ വാങ്ങാൻ തീരുമാനിച്ചു. യോഗ തീരുമാനങ്ങൾ എല്ലാ ഇടവകകളിലും എത്തിക്കുവാൻ തീരുമാനിച്ചു. അടുത്ത യോഗത്തിൽ പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകൾക്ക് ഗൈഡ് കൊണ്ടുവരണമെന്നും അടുത്ത യോഗത്തിൽ ഓരോ ഇടവകയും റിപ്പോർട്ട് കൊണ്ടുവരണമെന്നും തീരുമാനിച്ചു.


സമന്വയ

**തൂത്തൂർ**: ക്ലാസുകൾക്ക് അദ്ധ്യാപകരെ ഏർപ്പെടുത്തി. ആകെ 61 അദ്ധ്യാപകരെ 43 ക്ലാസുകളിൽ ഏർപ്പെടുത്തി. വിദ്യാർത്ഥികൾ ക്ലാസ്സിൽ ടെസ്റ്റ് ബുക്ക്, നോട്ട് ബുക്ക്, പേന, പെൻസിൽ എന്നിവ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടു.

**ചിന്നത്തുറ:** മൊത്തം 43 ക്ലാസുകളിൽ 57 അദ്ധ്യാപകരെ നിയമിച്ചു. അജപാലന യോഗം എല്ലാ മാസവും രണ്ടാമത്തെ ആഴ്ചയിൽ നടന്നുവരുന്നു.

**ഇരവിപുത്തൻതുറ:** 35 അദ്ധ്യാപകപുടെ ടീം ആദ്യ ദിവസം മതബോധന ക്ലാസ്സുകളിലെ നടത്തിവരുന്നു. അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വേണ്ടി ആരാധന നടത്തി.

**മാർത്താണ്ഡംതുറ**: 812 വിദ്യാർത്ഥികൾ, 40 അദ്ധ്യാപകർ മതബോധന വിദ്യാർത്ഥികൾക്കായുള്ള ദിവ്യബലിയിൽ മുടങ്ങാതെ വരുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകാൻ തീരുമാനിച്ചു.

തൂത്തൂർ ഫെറോന മതബോധന ക്ലാസുകളിലെ പരീക്ഷയുടെ സമ്മാനങ്ങൾ വാങ്ങുവാൻ രൂപതയിൽ വെച്ച് സ്വീകരിക്കുവാൻ തീരുമാനിച്ചു. എല്ലാ ഇടവകകളിൽ നിന്നുള്ള റ്റും വീൽ ഫെറോന വികാരിയുടെയും ഇടവക വികാരിയുടെ കൈയ്യൊപ്പു ഉണ്ടായിരിക്കണമെന്ന് കോർഡിനേറ്റർ ഓർമിപ്പിച്ചു.

സെപ്തംബർ 23-ന് ലോഗോസ് ക്വിസ് നടത്താൻ തീരുമാനിച്ചു. സിറാക്ക് 1-11 വരെ, മത്തായി 1-10 വരെ. വെളിപ്പാടു 10-16 വരെയാണ് ക്വിസ്സിന് തെരഞ്ഞെടുത്തിട്ടുളള ഭാഗങ്ങൾ. നിരീക്ഷകരുടെ ടീം വരുമെന്നും, എല്ലാവരും സഹകരിക്കണമെന്നും ആവശ്യപ്പെട്ടു.

**ഇടവക പ്രവർത്തനങ്ങൾ**

ഇടവകകളിൽ എല്ലാ അജപാലനസമിതി പള്ളിയിലെ എല്ലാ പരിപാടികളും ശ്രദ്ധയോടെ നടത്തിവരുന്നു.

**ഫാ. വിനു**
കോഓർഡിനേറ്റർ

**മല്ലിക ഡെസൽബിൻ**
ആനിമേറ്റർ





# കുടുംബപ്രേഷിത ശുശ്രൂഷ

**കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി ജൂലൈ 30 ആയിരിക്കും. വിശദവിവരങ്ങൾക്ക് കുടുംബപ്രേഷിത ശുശ്രൂഷയുടെ അതിരൂപതാ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പർ - 8281123941

**കൗൺസിലിംഗ് കോഴ്സ് രണ്ടാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും രണ്ടാം ബാച്ചിന്റെ അവസാന പരീക്ഷ ജൂലൈ 20, 21 തീയതികളിൽ വെള്ളയമ്പലം റ്റി. എസ്. എസ്. എസ്. മിനി ഹാളിൽ വച്ചു നടന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 115 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5-ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**ഏകസ്ത സംഗമവും 'കരുണാമയൻ' ഉദ്ഘാടനവും**
**2018 ജൂലൈ 6 വെള്ളി**

തിരുവനന്തപുരം അതിരൂപതയിലെ ഏകസ്ഥരുടെ സംഗമം

ജൂലൈ 6 വെള്ളിയാഴ്ച 2 മണിക്ക് വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് ഏകസ്ഥരുടെ സംഗമം സംഘടിപ്പിച്ചു

ഏകസ്ഥരുടെ അജപാലനം മുന്നിൽ കണ്ടുകൊണ്ട് "ആരും തനിച്ചല്ല" (**No One Left alone**) എന്ന ക്ഷേമപരിപാടിക്ക് തുടക്കം കുറിച്ച ചടങ്ങിൽ അഭിവന്ദ്യ സൂസപാക്യം പിതാവ് അധ്യക്ഷത വഹിക്കുകയും കേരള സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ശ്രീ. സൂര്യകൃഷ്ണ മൂർത്തി മുഖ്യപ്രഭാഷണം നടത്തി. ശ്രീമതി സെൽവി മേഴ്സൻ ആശംസകളർപ്പിച്ചു. 350 ഏകസ്തർ പങ്കെടുത്ത പരിപാടിയിൽ ഓഖി കോർ ടീം കൺവീനർ ഫാ. തെയോഡേഷ്യസ് സ്വാഗതവും കുടുംബപ്രേഷിതശുശ്രൂഷ ഡയറക്ടർ ഫാ. എ. ആർ ജോൺ കൃതജ്ഞതയും അർപ്പിച്ചു സംസാരിച്ചു. ദേശീയഗാനാലപനത്തോടെ സംഗമം സമാപിച്ചു.

ഈ ചടങ്ങിൽ 30 ഏകസ്തർക്ക് ധനസഹായം നൽകുകയും (എല്ലാ മാസവും തുടർച്ചയായി നൽകുന്ന ധനസഹായ പദ്ധതി) എല്ലാ ഏകസ്തർക്കും ഉപകാരം നൽകുകയും ചെയ്തു.

**പേട്ട ഫെറോന**

**ഫെറോനാതല പ്രവർത്തനങ്ങൾ**

കുടുംബക്ഷേമ പ്രവർത്തനത്തിന്റെ കീഴിൽ നടന്നുവരുന്ന കാരുണ്യപൂർവ്വം കുടുംബോദ്ധാരണ പദ്ധതിയിൽ പേട്ട ഫെറോനയിലെ 26 കുടുംബങ്ങൾക്ക് പ്രതിമാസം 23,400 രൂപ ഓരോ കുടുംബങ്ങളുടെയും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചു. 24-6-18-ന് പോങ്ങുംമൂട് ഇടവകയിൽ വച്ച് പോങ്ങുംമൂട്, മുട്ടട, കുന്നിൻപുറം എന്നീ ഇടവകയിലെ കാരുണ്യപൂർവ്വം കുടുംബോദ്ധാരണ പദ്ധതിയിലെ ഗുണഭോക്താക്കളുടെ യോഗം നടന്നു. ഇടവക വികാരി റവ.ഫാ.തിയോഡേഷ്യസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പ്രസ്തുത കുടുംബങ്ങളുടെ ജീവിത പുരോഗതിയും സ്വയം തൊഴിൽ സംരംഭങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.





**വലിയതുറ ഫെറോന:**

വലിയതുറ ഫെറോനയിലെ കുടുംബപ്രേഷിത ശുശ്രൂഷയുടെ ജൂൺമാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് 2018 ജൂൺ 28 വ്യാഴാഴ്ച റവ. ഫാ. ജോസഫ് ബാസ്റ്റിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഇടവകതലത്തിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇടവകവികാരിയോട് ചേർന്നു നിന്നുകൊണ്ട് എന്തെല്ലാം ചെയ്യാം എന്നതിനെക്കുറിച്ച് വ്യക്തമായ ആശയങ്ങൾ പങ്കുവച്ചു.

ജൂലൈ മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 22 ഞായറാഴ്ച റവ. ഫാ. ജോസഫ് ബാസ്റ്റിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. കഴിഞ്ഞമാസത്തെ റിപ്പോർട്ട് ഓരോ കൺവിനേഴ്സും അവതരിപ്പിച്ചു.

**ചെറിയതുറ :** 01-07-2018-ൽ ഗുഡ് പേരന്റിംഗ് എന്ന വിഷയത്തെക്കുറിച്ച് അതിരൂപതാ റിസോഴ്സ് ടീം അംഗമായ ശ്രീമതി മേഴ്സിക്കുട്ടി സൈമൺ ക്ലാസ്സെടുത്തു. മാതാപിതാക്കൾക്കായി സംഘടിപ്പിച്ച ക്ലാസ്സിൽ 50 പേർ പങ്കെടുത്തു. ഏകസ്ത സംഗമത്തിന് ഈ ഇടവകയിൽ നിന്ന് 6 പേർ പങ്കെടുത്തു. ഇടവകയിൽ വിവാഹ ദിവ്യബലി മധ്യേ ശേഖരിക്കുന്ന സ്തോത്രക്കാഴ്ച പാവപ്പെട്ട പെൺകുട്ടികളുടെ ധനസഹായത്തിനായി ഉപയോഗിക്കുന്നു. ജൂലൈ 29-ന് നടക്കാനിരിക്കുന്ന ഗ്രാൻഡ് പേരന്റ്സ്ഡേ ആഘോഷത്തിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**വലിയതുറ :** ഇടവകവികാരിയുടെ കീഴിൽ 'പകൽവീട്' നന്നായി പ്രവർത്തിച്ചുവരുന്നു. വൃദ്ധരായ 50 പേർ എല്ലാ ശനിയാഴ്ചയും ഒരുമിച്ചു കൂടുകയും പ്രാർത്ഥന, കളികൾ, ഉച്ചഭക്ഷണം എന്നിവ കഴിഞ്ഞ് ഉച്ചതിരിഞ്ഞ് 2 മണിയോടുകൂടി അവർ ഭവനങ്ങളിലേക്ക് മടങ്ങുന്നു. കൂടാതെ രോഗീസന്ദർശനം നടത്തുന്നതോടൊപ്പം സാമ്പത്തികമായോ മറ്റ് ആവശ്യമുള്ളവരെ കണ്ടെത്തി സഹായിക്കുന്നു. ഏകസ്തസംഗമത്തിന് ഈ ഇടവകയിൽ നിന്ന് 6 പേർ പങ്കെടുത്തു.

**തോപ്പ് :** ജൂലൈ 8 ന് വിധവാഫോറത്തിന്റെ ഒന്നാം വാർഷികാഘോഷം നടന്നു. 30 പേർ പങ്കെടുത്ത വാർഷികാഘോഷത്തിൽ അതിരൂപതാ റിസോഴ്സ് പേഴ്സൻ ശ്രീമതി ആഗ്നസ് ക്ലാസ്സ് എടു

ത്തു. ഈ മാസത്തിൽ രണ്ടു മരണവീടുകൾ സന്ദർശിച്ചു പ്രാർത്ഥി ക്കുവാൻ സാധിച്ചു. ഏകസ്തരുടെ മീറ്റിംഗിൽ 2 പേർ പങ്കെടുത്തു.

**വെട്ടുകാട് :** ഏകസ്ത സംഗമത്തിൽ 36 പേർ പങ്കെടുത്തു. ജൂലൈ 29-ന് ഗ്രാൻഡ് പേരന്റ്സ്ഡേ നടത്തുന്നതിന് വേണ്ട ക്രമീകരണ ങ്ങൾ നടന്നുവരുന്നു

**കൊച്ചുവേളി :** ഏകസ്ത സംഗമത്തിൽ 6 പേർ പങ്കെടുത്തു. ജൂലൈ 29ന് ഗ്രാൻഡ് പേരന്റ്സ് ഡേ വിപുലമായി നടത്തുന്നതിന് ഇടവക വികാരിയുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ നടന്നുവരുന്നു.

**വേളി :** കുടുംബപ്രേഷിത ശുശ്രൂഷയുടെ ഇടവകതലയോഗം ജൂലൈ 18 ബുധനാഴ്ച കൂടുകയുണ്ടായി. 65 വയസ്സിനു മുകളിൽ പ്രായമുള്ളവരെ ഒരുമിച്ചുകൂട്ടുവാൻ തീരുമാനിച്ചു. രോഗികളെയും വൃദ്ധരെയും സന്ദർശിക്കുന്നതു കൂടാതെ പ്രശ്നബാധിതമായ കുടും ബങ്ങൾ സന്ദർശിക്കുകയും അവരെ രമ്യതയിലെത്തിക്കാൻ ശ്രമി ക്കുകയും ചെയ്തുവരുന്നു . ഏകസ്ത സംഗമത്തിൽ 4 പേർ പങ്കെ ടുത്തു.

**കോവളം ഫെറോന**

കുടുംബപ്രേഷിതശുശ്രൂഷയുടെ ഫെറോനതലയോഗം 2018 ജൂലൈ 1 ഞായറാഴ്ച ആഴാകുളം ഇടവകയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ കോർഡിനേറ്റർ ഫാ. ജോണി പുത്തൻ വീട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഓരോ ഇടവക കൺവീനർമാരും സ്വയം പരി ചയപ്പെടുത്തി. ആഴാകുളം ഇടവകാംഗവും രൂപതാ റിസോഴ്സ് ടീം അംഗവുമായ ശ്രീ. സതീഷ് രൂപതാപ്രവർത്തനങ്ങളെക്കുറിച്ച് ഒരു അവലോകനം നൽകിയത് വളരെ പ്രയോജനകരമായി. 10 വർഷ ത്തിനുള്ളിൽ വിവാഹിതരായ ദമ്പതികൾക്കായി ജൂലൈ 29 ഞായ റാഴ്ച ഏകദിന സെമിനാർ നടത്തുവാൻ തീരുമാനിച്ചു. വിവിധ ഇടവകകളിൽ നിന്ന് ഏകസ്തരെ കണ്ടെത്താനും അവരെ രൂപത യിൽ നടത്തിയ ഏകസ്ത സംഗമത്തിൽ പങ്കെടുപ്പിക്കുവാനും സാധിച്ചു. മിക്ക ഇടവകകളും കുടുംബങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകു കയും അവരെ കൂടുതൽ ആത്മീയമായും അതോടൊപ്പം മറ്റെല്ലാ വിധ ത്തിലും വളരുവാൻ വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നു.





**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാ ഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.

ഇതുവരെയായി 77 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 72 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗ ല്യത്തിനായി ഈ മാസം 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേ ഷണ വിധേയമാക്കിയതിനുശേഷം 6 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

ജൂലൈ 6, 7, 8 തീയതികളിൽ നടന്ന കോഴ്സിൽ 68 പെൺകു ട്ടികളും 57 ആൺകുട്ടികളും ജൂലൈ 21, 22, 23 വരെ തീയതികളിൽ നടന്ന ക്ലാസ്സിൽ 43 ആൺകുട്ടികളും 67 പെൺകുട്ടികളും പങ്കെ ടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെ ക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 20 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേ ഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.rcmatrimonial.org **വിവാഹ ഒരുക്കസെമിനാർ**

**വിവാഹ ഒരുക്കസെമിനാർ**
2018 ആഗസ്റ്റ് 03, 04, 05
2018 ആഗസ്റ്റ് 27, 28, 29

ഡിസംബർ മാസം ഒരു കോഴ്സുകൂടി കൂട്ടിച്ചേർത്തു. 2018 ഡിസംബർ 28, 29, 30

# യുവജന ശുശ്രൂഷ

**ഇഗ്നൈറ്റ്**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന ഇഗ്നൈറ്റ് 2K18 എന്ന് ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പിന് 5 പേർ പങ്കെടുത്തു.

**യുവജന ദിനം**

ആഗോള കത്തോലിക്കാസഭ യുവജന ദിനമായി പ്രഖ്യാപിച്ചിട്ടുള്ള ജൂലൈ 8-ന് അതിരൂപതയിലെ മുഴുവൻ ഇടവകകളിലും യുവജന ദിനം ആഘോഷിച്ചു. അന്നേ ദിവസത്തെ ദിവ്യബലിക്കായുള്ള ആമുഖപ്രാർത്ഥന, വിശ്വാസികളുടെ പ്രാർത്ഥന, സത്യപ്രതിജ്ഞ തുടങ്ങിയവ അതിരൂപത സമിതി തയ്യാറാക്കി എല്ലാ ഇടവകകൾക്കും നൽകി. കെ.സി.വൈ.എം. പതാക ഉയർത്തി കൊണ്ടുള്ള യുവജനദിനാഘോഷം അതിന്റെ പൂർണ്ണതയിൽ യുവജനങ്ങൾ ആഘോഷിച്ചു.

**ലാമ്പ്**

അതിരൂപത സംഘടിപ്പിക്കുന്ന ലാമ്പിന്റെ 5-ാമത് സെഷൻ വേളി ഗവൺമെന്റ് യൂത്ത് ഹോസ്റ്റലിൽ വച്ച് സംഘടിപ്പിച്ചു. ജൂലൈ 12, 13, 14 തീയതികളിലായി നടന്ന ലീഡർഷിപ്പ് ട്രെയിനിംഗിൽ നെഹ്റു യുവകേന്ദ്രയിലെ പ്രഗത്ഭരായ ട്രെയിനർമാരും, 'ഞാനും എന്റെ സമൂഹവും' എന്ന വിഷയത്തെ കുറിച്ച് F.M.ലാസറും, 'സഭാനേതൃത്വവും സാമൂഹ്യ നേതൃത്വവും' എന്ന വിഷയത്തെ കുറിച്ച് കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. മാത്യു ജേക്കബ് തിരുവാലിൽ, OAC-യും ക്ലാസ്സുകൾ നയിച്ചു. 'Meet with Bishop' എന്ന സെഷനിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ ലാമ്പ് അംഗങ്ങളുമായി രണ്ട് മണിക്കൂർ ആശയസംവാദത്തിൽ ഏർപ്പെട്ടു.

**യൂത്ത് സർവ്വെ**

കെ.സി.വൈ.എം. അതിരൂപതയുടെ സ്വപ്നപദ്ധതിയായ യൂത്ത് സർവ്വെ 2018 എല്ലാ ഇടവകകളിലും വളരെ നന്നായി





പുരോഗമിക്കുന്നു. തൂത്തൂർ ഫെറോന ഒഴികെ മറ്റെല്ലാ ഇടവകകളിലും യൂത്ത് സർവ്വെയുടെ ആദ്യഘട്ടമായ Data Collection നടന്നുകൊണ്ടിരിക്കുന്നു. അതിനോടൊപ്പംതന്നെ രണ്ടാംഘട്ടമായ Data Entry-യും പുരോഗമിക്കുന്നു. നിലവിൽ 2750 യുവജനങ്ങളുടെ വിവരങ്ങൾ വെബ്സൈറ്റിൽ എൻട്രി ചെയ്തിട്ടുണ്ട്. ഇതിനായി സഹകരിക്കുന്ന എല്ലാ വികാരിമാരെയും ഡയറക്ടർമാരെയും യുവജന നേതാക്കളെയും സർവ്വെ എടുക്കുന്ന അഡ്മിൻമാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഫെറോനാതല യുവജനസംഗമം**

യുവജനങ്ങളിൽ സൗഹൃദവും സംഘടനാ പാടവും വളർത്തുന്നതിനായി ഫെറോനതല യുവജനസംഗമം സംഘടിപ്പിച്ചു. പുതുക്കുറിച്ചി ഫെറോനയുടെ യുവജന സംഗമം പുതുക്കുറിച്ചി ഇടവകയിൽ വച്ചും കഴക്കൂട്ടം ഫെറോനായുവജന സംഗമം സെന്റ്. ജോസഫ് കഴക്കൂട്ടം ഇടവകയിൽ വച്ചും പാളയം ഫെറോനാ യുവജന സംഗമം ക്രിസ്തുരാജപുരം ഇടവകയിൽ വച്ചും, അഞ്ചുതെങ്ങ് ഫെറോനാ യുവജനസംഗമം അഞ്ചുതെങ്ങ് ഇടവകയിൽ വച്ചും സംഘടിപ്പിച്ചു.

**സംസ്ഥാന സെനറ്റ്**

കെ.സി.വൈ.എം. സംസ്ഥാനതല 40-ാമത് അർദ്ധവാർഷിക സെനറ്റ് തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ ജൂലൈ 27, 28, 29 തീയതികളിൽ നടന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതാ കെ.സി.വൈ.എം. നെ പ്രതിനിധീകരിച്ച് 7 പേർ പങ്കെടുത്തു. കഴിഞ്ഞ 6 മാസത്തെ കാലയളവിൽ അതിരൂപതയിൽ നടപ്പിലാക്കിയ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## അഞ്ചുതെങ്ങ് ഫെറോന

അഞ്ചുതെങ്ങ് ഫെറോന കെ.സി.വൈ.എം. ജനറൽ ബോഡി യോഗം 8-7-18-ൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്ലാൻ അനുസരിച്ച് യൂത്ത് സർവ്വേ, യുവജന ദിനാഘോഷം, മോട്ടിവേഷൻ ക്ലാസ്സ്, യുവജന ധ്യാനം, ഇടവക സന്ദർശനം ഇതിനെ

കുറിച്ചു ചർച്ച ചെയ്തു. ഫെറോനതലത്തിൽ നടന്ന സർവ്വേ ട്രെയിനിംഗിൽ പങ്കെടുത്ത ഇടവകകളിൽ സർവ്വേ ഫോമുകൾ എത്തിച്ചു. അഡ്മിൻമാരെ തെരഞ്ഞെടുത്ത ലിസ്റ്റ് ഫെറോനയിൽ എത്തിച്ചു. 8-7-218 യുവജനദിനഘോഷം എല്ലാ ഇടവകയിലും നടത്തി. 15-7-18 മോട്ടിവേഷൻ ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചു.

**ഇടവകതലം:**

**അഞ്ചുതെങ്ങ്:** യുവജനദിനാഘോഷത്തിനുശേഷം 4 ഗ്രൂപ്പായി തിരിഞ്ഞു ജനറൽ ക്വിസ് മത്സരം നടത്തി. വൈകുന്നേരം 'തെയ്സെ' പ്രയർ ചൊല്ലുകയും ചെയ്തു.

**വെന്നികോട്**: യുവജന ബി.സി.സി രൂപീകരിച്ചു.

**ആറ്റിങ്ങൽ**: ശരീരം തളർന്നു കിടക്കുന്ന ഒരു രോഗിയ്ക്കു സാമ്പത്തിക സഹായം നൽകി.

**ഫാ. സ്റ്റാലിൻ** — **ഗ്ലാഡിസ് ജെയിംസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

10 ഇടവകയിലും യുവജനദിനം ആഘോഷിച്ചു. യുവജന വർഷത്തോടനുബന്ധിച്ചുള്ള സർവ്വേയുടെ ക്ലാസ് രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ലെനിൻ ഫെർണാണ്ടസ് അച്ചൻ ഫെറോനാ സെന്റർ തോപ്പിൽ വന്ന് യുവജന സർവ്വേയുടെ ക്ലാസെടുക്കുകയും സ്ലൈഡ് ഷോയിലൂടെ സർവ്വേയുടെ രീതിയെ കുറിച്ചു കാണിക്കുകയും ചെയ്തു. എല്ലാ ഇടവകയിലെയും യുവജനപ്രതിനിധികൾ, കണ്ണാന്തുറ, ഇടവകവികാരി ബഹുമാന പ്പെട്ട ലാസറച്ചൻ ബിസിസി കോർഡിനേറ്റേഴ്സ് എന്നിവരും ഇതിൽ പങ്കെടുത്തു.

ചെറിയതുറ, സെന്റ് സേവ്യഴ്സ്, തോപ്പ്, കണ്ണാന്തുറ, വലിയതുറ, ചെറുവെട്ടുകാട്, വെട്ടുകാട്, കൊച്ചുവേളി, വലിയവേളി എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ കൂടുകയുണ്ടായി.

**ഫാ. ജോസ് ദിലീപ്** — **മേരി**
കോഓർഡിനേറ്റർ — ആനിമേറ്റർ





## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന യൂത്ത് മിനിസ്ട്രിയുടെ യോഗം 8-7-2018 ഞായറാഴ്ച കോ-ഓർഡിനേറ്റർ ഫാ. ഷിജിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രധാനമായി ഫെറോന ഇടവകാതലത്തിൽ കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി.

കെ.സി.വൈ.എം ന്റെ യൂണിറ്റ് യോഗങ്ങൾ നടന്ന ഇടവകകൾ പുല്ലുവിള, ചൊവ്വര, പള്ളം, കൊല്ലങ്കോട്

**യൂണിറ്റിന്റെ പ്രവർത്തനങ്ങൾ**

**പുല്ലുവിള** ഇടവകയിൽ കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ ഒരു ബുക്ക്സ്റ്റാൾ ആരംഭിച്ച് പ്രവർത്തനം നന്നായി നടത്തി വരുന്നു. പ്രാർത്ഥനയ്ക്ക് ആവശ്യമായ എല്ലാ സാധനങ്ങളും മിതമായ നിരക്കിൽ ഈ സ്റ്റാളിൽ നിന്നും വാങ്ങിയ്ക്കാവുന്നതാണ്.

**പള്ളം** ഇടവകയിൽ യൂത്ത് ദിനം ആഘോഷിച്ചു.

**കൊല്ലങ്കോട്** ഇടവകയിൽ : പാവപ്പെട്ട ഒരു വ്യക്തിയ്ക്ക് ഒരു വീട് നിർമ്മിച്ച് നൽകുന്നതിനും, മെഴുകുതിരി യൂണിറ്റ് ആരംഭിക്കുന്നതിനും കെ.സി.വൈ.എം തീരുമാനിച്ചു.

ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളിലെ ഒഴിവിലേയ്ക്ക് പുതിയതായി അംഗങ്ങളെ തെരഞ്ഞെടുത്തു. കെ.സിവൈ.എം-ന്റെ പ്രവർത്തനം ഇടവക ഫെറോനാതലത്തിൽ ശക്തിപ്പെടുത്തുന്നതിനായി ഫെറോന ടീം ഇടവക സന്ദർശനം നടത്തുന്നതിനുള്ള ക്രമീകരണം പൂർത്തിയാക്കി.

യൂത്ത് സർവ്വേ എടുക്കുന്നതിനായി എല്ലാ ഇടവകകളിലും നിന്നും അംഗങ്ങളെ തെരഞ്ഞെടുത്തു വരുന്നു.

**ഫാ. ഷിജിൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

തിരുവനന്തപുരം സൗത്ത് സബ് സോണിന്റെ മെയ്-ജൂലൈ മാസങ്ങളിലെ പ്രവർത്തനങ്ങൾ

ധ്യാനം: മെയ് 21-26 വരെയുള്ള ദിവസങ്ങളിൽ മാർത്താണ്ഡംതുറയിലെ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ വച്ച് യൂത്ത് ധ്യാനം നടത്തി. ഫാ. അനുവിന്റെ അധ്യക്ഷതയിൽ ബ്ര.സോണി സെബാസ്റ്റ്യന്റെ ഗ്രൂപ്പ് ചർച്ച നടത്തി. 210 ലധികം കുട്ടികൾ പങ്കെടുത്തു.

കോളേജ് വിദ്യാർത്ഥികൾക്കുള്ള ധ്യാനം

ജൂൺ 15-17 വരെ തിരുവനന്തപുരം (ശ്രീകാര്യം മരിയ റാണി സെന്ററിൽ കോളേജ് വച്ച് ധ്യാനം നടത്തി. ഫെറോനയിൽ നിന്നും 8 പേർ പങ്കെടുത്തു. കോളേജുകളിൽ വിദ്യാർത്ഥികൾ എങ്ങനെ പ്രാർത്ഥിക്കണം എന്ന് പഠിപ്പിച്ചു. ബൈബിൾ പഠനപരിശീലനവും നൽകപ്പെട്ടു.

മദ്ധ്യസ്ഥ പ്രാർത്ഥന ക്ലാസ്സുകൾ

ജൂൺ 9-10 ന് മധ്യസ്ഥ പ്രാർത്ഥന പരിശീലനം നടന്നു. തൂത്തൂർ ഫെറോനയിൽ നിന്നു 2 പേർ പങ്കെടുത്തു. പങ്കെടുത്ത രണ്ടുപേരും നന്നായി പ്രവർത്തിച്ചു വരുന്നു.

ദമ്പതിമാരുടെ ധ്യാനം

ജൂൺ 15-20 വരെ ഇരവിപുത്തൻതുറ, 'പുതുവാഴ്‌പ്പ്' ധ്യാന കേന്ദ്രത്തിൽ വച്ച് ദമ്പതിമാരുടെ ധ്യാനം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തി. ഇതിൽ 130 പേർ ദമ്പതികളായും തനിച്ചു പങ്കെടുത്തു. ഫാ. ആന്റണിയുടെ നേതൃത്വത്തിൽ ബ്രദ. ബെർലിയുടെ ആഭിമുഖ്യത്തിൽ ഇതു നടത്തി.

**ഫാ. രെതീഷ്** — കോഓർഡിനേറ്റർ

**മല്ലിക ഡെസൽബിൻ** — ആനിമേറ്റർ





# വിദ്യാഭ്യാസശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന എക്സിക്യൂട്ടീവ് യോഗം ജൂലൈ 8-ന് അഞ്ചുതെങ്ങ് ഫെറോന സെന്ററിൽ വച്ച് പ്രദീപ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ പ്ലാൻ അനുസരിച്ച് ആഗസ്റ്റ് മാസത്തിൽ നടത്താനുള്ള ജനറൽ ക്വിസ് മത്സരം 11-ാം തീയതി നടത്തുവാൻ തീരുമാനിച്ചു.

ജൂൺ 26-ാം തീയതി സെന്റ് ജോസഫ് സ്കൂളിൽ ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സമിതിയുടെയും സാമൂഹ്യശുശ്രൂഷയുടെയും നേതൃത്വത്തിൽ റാലി നടത്തി. തുടർന്ന് ബോധവൽക്കരണ ക്ലാസ്സ് നടന്നു.

ജൂൺ 27-ന് വിദ്യാഭ്യാസ ശുശ്രൂഷയും സാമൂഹ്യ ശുശ്രൂഷയും സംയുക്തമായി ഫെറോനതലത്തിൽ 8,9,10 ക്ലാസ്സിലെ കുട്ടികൾക്ക് ആധുനിക ലോകത്തിൽ അവർ അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങളെയും അവയുടെ പ്രതിവിധികളെയും കുറിച്ച് ചൈൽഡ് ലൈനിലെ പ്രവർത്തകയായ ശ്രീ. സമുദ്യ ക്ലാസ്സ് എടുത്തു. സി.ഡി പ്രദർശനത്തിലൂടെ കുട്ടികൾക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുത്തു. 125 കുട്ടികൾ പങ്കെടുത്തു. 19 കുട്ടികൾ കൗൺസിലിം ഗിന് പങ്കെടുത്തു.

**ഓഖി**: അഞ്ചുതെങ്ങിൽ 27-ന് ഓഖി ദുരന്തത്തിൽ കാണാതായ ഗിൾബർട്ടിന്റെ മൂന്നു പെൺകുട്ടികൾക്ക് ഫെറോന സാമൂഹ്യശുശ്രൂഷ കോർഡിനേറ്റർ വിദ്യാഭ്യാസ കോർഡിനേറ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അതിരൂപതാ സാമൂഹ്യശുശ്രൂഷ ഡയറക്ടർ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**ഇടവകതലം:**

**അഞ്ച്തെങ്ങ്:** എസ്.എസ്.എൽ.സി, +2 മികച്ച വിജയം വരിച്ച കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകി. ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി രണ്ടു കുട്ടികൾ ഡോക്ടർ പഠനം കഴിഞ്ഞു എത്തി. ആ കുട്ടികളെ ഇടവകതലത്തിൽ ആദരിച്ചു.

**അരയതുരുത്തി:** ഇടവക വാർഷികത്തോടനുബന്ധിച്ച് എസ്.എസ്.എൽ, സി, +2 മികച്ച വിജയം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. നാഷണൽ പവർ ലിഫ്റ്റിങ് സമ്മാനർഹയായ കുട്ടിയെ പ്രത്യേകം ആദരിച്ചു.

**വെന്നികോട്:** ജൂലൈ 1 ന് എസ്.എസ്.എൽ.സി, +2 വിജയിച്ച എല്ലാ കുട്ടികൾക്കും സമ്മാനം നൽകി. ഉന്നത വിദ്യാഭ്യാസത്തിനായി ഒരു പാവപ്പെട്ട കുട്ടിയ്ക്ക് 5000 രൂപ കൊടുത്തു.

**മുങ്ങോട്:** എസ്.എസ്.എൽ.സി, +2 വിജയിച്ച കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകുവാൻ തീരുമാനിച്ചു.

**സ്കൂൾതല പ്രവർത്തനം**: ഫെറോനാതലത്തിലുള്ള എല്ലാ സ്കൂളുകളിലും ജൂൺ 5 ന് പരിസ്ഥിതി ദിനം ആചരിച്ചു വൃക്ഷതൈ നട്ടു. പരിസ്ഥിതി ദിന ക്വിസ് മത്സരം നടത്തി സമ്മാനം നൽകി. ജൂൺ 19-ന് വായനാഘോഷം നടത്തി വായന കാർഡ് തയ്യാറാക്കി നല്ല കാർഡിന് സമ്മാനം നൽകി. അഞ്ചുതെങ്ങ് സെന്റ് ജോസഫ് സ്കൂളിൽ ജൂൺ 26-ന് ലഹരി വിരുദ്ധാചരണം നടത്തി. മൗണ്ട് കാർമ്മൽ ദിനം ആഘോഷിച്ചു. ആ ദിവസം കഴിഞ്ഞ വർഷം 1 മുതൽ 4 വരെ ക്ലാസ്സിലെ കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് 500 രൂപ വീതം ക്യാഷ് അവാർഡ് നൽകി.

| | |
|---|---|
| **ഫാ. പ്രദീപ്** | **ഗ്ലാഡിസ് ജെയിംസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

**~~പാളയം ഫെറോന~~**

**ഇടവകപ്രവർത്തനങ്ങൾ**

**നന്തൻകോട്**: ജൂൺ 30-ാം തീയതി പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ (എസ്.എസ്.എൽ.സി 6 വിദ്യാർത്ഥികൾ, +2 ന് 2 വിദ്യാർത്ഥികൾ, ഡിഗ്രിക്ക് 3 വിദ്യാർത്ഥികൾ. ബി.ടെക്കിന് 2 വിദ്യാർത്ഥികൾ പി.ജി ക്ക് 1 വിദ്യാർത്ഥി) 14 വിദ്യാർത്ഥികൾക്ക് 12250/- രൂപ ക്യാഷ് അവാർഡ് വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.





**മലമുകൾ**: വിദ്യാർത്ഥികളുടെ സർവ്വേ എടുത്തു വരുന്നു. വിദ്യാഭ്യാസ ദിനാചരണത്തിന്റെ ഭാഗമായി ദിവ്യബലിയും ജപമാല ആശീർവദിച്ചു വിദ്യാർത്ഥികൾക്ക് വികാരിയച്ചൻ നൽകുകയുണ്ടായി.

**പേരൂർക്കട:** ജൂൺ 25-ാം തിയതി പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ (എസ്.എസ്.എൽ.സി-6 വിദ്യാർത്ഥികൾ, +2 ന് 2 വിദ്യാർത്ഥികൾ) 8 വിദ്യാർത്ഥികൾക്ക് 10000 രൂപ പ്രോത്സാഹന സമ്മാനമായി വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

**കുറവൻകോണം:** ജൂലായ് 8-ാം തീയതി 10-ാം ക്ലാസ്സിൽ ഉന്നതവിജയം കരസ്ഥമാക്കിയ ഒരു കുട്ടിയ്ക്ക് 1000 രൂപയും 12-ാം ക്ലാസ്സിൽ ഉന്നതവിജയം കരസ്ഥമാക്കിയ ഒരു കുട്ടിയ്ക്ക് 2000 രൂപയും ക്യാഷ് അവാർഡ് വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

**വെള്ളയമ്പലം:** എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച സമിതിയോഗം കൂടിവരുന്നു. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനുള്ള മുന്നൊരുക്കം നടന്നുവരുന്നു. കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കി സ്പോൺസർ എ ചൈൽഡ് എന്ന പരിപാടിയുടെ തുടർനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി മുന്നൊരുക്കം നടന്നു വരുന്നു.

**കാച്ചാണി:** വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രഭാത ഭക്ഷണം സ്പോൺസറിനെ കണ്ടെത്തി നൽകിവരുന്നു.

**ക്രിസ്തുരാജപുരം**: ഏപ്രിൽ മാസം (18,15,23,29 എന്നീ ദിവസങ്ങളിൽ) ത്രിഭാഷ പരിഭോഷണ പരിപാടിയുടെ ഭാഗമായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ ഇടവകയിലെ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു. ഈ ക്ലാസ്സിൽ 20 വിദ്യാർത്ഥികൾ പങ്കെടുത്തു.

മെയ് (6,13,20,27 എന്നീ ദിവസങ്ങളിൽ) മാസം ജി.കെ അവയർനസ്സിനെ കുറിച്ച് ഇടവകയിലെ 3 അദ്ധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു. ഈ ക്ലാസ്സിൽ 33 വിദ്യാർത്ഥികൾ പങ്കെടുത്തു.

**സ്കൂൾതലം**

സെന്റ് ജോസഫ്സ് എൽ.പി.എസ്; പാളയം, സെന്റ് ആന്റണീസ് എൽ.പി.എസ്, പൂഴിക്കുന്ന്

ജൂൺ 19-ാം തിയതി മുതൽ 26-ാം തിയതി വരെ വായനാദിനമായി ആചരിച്ചു. വായനാദിനത്തോടനുബന്ധിച്ച് ലൈബ്രറി നവീകരിച്ചു. ടി.എം. പണിക്കരുടെ ചരമ ദിനമാണ് വായനാ ദിനമായി ആചരിക്കുന്നത് എന്നതിനെക്കുറിച്ച് എച്ച്.എം ഒരു ലഘു വിവരണം നൽകുകയുണ്ടായി. വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ പരിചയപ്പെടുത്തുകയുണ്ടായി. 26-ാം തീയതി ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുകയുണ്ടായി. വായനാമത്സരം നടത്തി. വിദ്യാർത്ഥികളുടെ രചന ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കി.

**ഫാ. ജോസ് ജി.** — **ജൂലി ഡയനേഷ്യസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

**വലിയതുറ ഫെറോന**

**പ്രധാനപ്രവർത്തനങ്ങൾ**

1. ഫെറോനാതല പ്രവർത്തനങ്ങൾ
2. രൂപതാതല പ്രവർത്തനങ്ങൾ
3. ഇടവകതല പ്രവർത്തനങ്ങൾ
4. മറ്റു പ്രവർത്തനങ്ങൾ

**ഫെറോനാതല സമിതിയോഗം:** 3-7-18 വൈകുന്നേരം 3.30-ന് വൈദിക കോർഡിനേറ്റർ ദിലീപച്ചന്റെ നേതൃത്വത്തിൽ തോപ്പ് ഫെറോനാ സെന്ററിൽ വച്ചു നടന്നതിൽ വെട്ടുകാട്, കണ്ണാന്തുറ, കൊച്ചുവേളി, ചെറുവെട്ടുകാട്, തോപ്പ്, ചെറിയതുറ എന്നീ ഇടവകയിലെ കൺവീനർമാർ പങ്കെടുത്തു. പ്ലാൻ അനുസരിച്ചുള്ള കെ.റ്റെറ്റ് പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ ക്രമീകരിച്ചു. ഇതിനോടൊപ്പം പി.എസ്.സി പരിശീലനം ആരംഭിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.





**കെ.റ്റെറ്റ് പരിശീലനം:** ജൂലൈ മാസം 7-ാം തിയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് ഫെറോനാ സെന്റർ തോപ്പ് കമ്മ്യൂണിറ്റിഹാളിൽ വച്ച് കെ.റ്റെറ്റ് പരിശീലനത്തിനു തുടക്കം കുറിക്കുകയും യോഗത്തിൽ ആനിമേറ്റർ സ്വാഗതം പറയുകയും വൈദിക കോർഡിനേറ്റർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 21 വിദ്യാർത്ഥികൾ ഈ പരിശീലന ക്ലാസിൽ പങ്കെടുക്കുന്നു. ശനി, ഞായർ ദിവസങ്ങളിൽ 4.30 മുതൽ 7 മണിവരെ നടക്കുന്ന ക്ലാസിൽ പ്രഗൽഭ അധ്യാപകരായ ദിദീഷ് ബാബു സാറും ഗ്രൂപ്പും ആണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

അന്നേ ദിവസം കളറിംഗ് ഡ്രോയിംഗ്, കവിത, ഉപന്യാസം എന്നീ മത്സരങ്ങൾക്കുള്ള ഒന്നാം സമ്മാനവും രണ്ടാം സമ്മാനവും മൂന്നാം സമ്മാനദാനവും കോർഡിനേറ്റർ ദിലീപച്ചന്റെ നേതൃത്വത്തിൽ നടത്തി.

**രൂപതാതല പ്രവർത്തനം**

ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ മക്കൾക്ക് രൂപതയിൽ നിന്നും ബാഗ്, കുട, വാട്ടർബോട്ടിൽ എന്നിവ എൽ.പി, യു.പി, എച്ച്.എസിലെ കുട്ടികൾക്കായുള്ളത് ജൂലൈ മാസം 2-ാം തിയതി ഫെറോനാസെന്ററിൽ വിളിച്ചുകൂടിയ യോഗത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**ഇടവകതലപ്രവർത്തനം**

**ചെറിയതുറ:** എസ്.എസ്.എൽ.സി. +2, ഡിഗ്രി, ഹയർസ്റ്റഡീസിൽ ഉന്നതവിജയികളുടെ ഡാറ്റാ കളക്ഷൻ നടന്നുവരുന്നു. ഇതിനുള്ള സമ്മാനദാനം ആഗസ്റ്റ്മാസം 15-ാം തിയതി നിർവഹിക്കുന്നതായിരിക്കും. സമ്പൂർണ്ണ സാക്ഷരതയോടനുബന്ധിച്ചുള്ള ഒരു ഹാഫ്ഡേ സെമിനാർ നടത്തി.

**വലിയവേളി:** ജൂലായ് മാസം 13-ാം തിയതി നടത്തിയ കരിയർ ഗൈഡൻസിന്റെ ക്ലാസിൽ 52 കുട്ടികൾ പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ചത് വലിയവേളിയിലെ ഡോക്ടർ അനിലയും സി.എക്കാരി ഡെൽഫിൻ ഫെലിക്സും ചേർന്നാണ്. സ്കൂളിൽ പോകാൻ

തുടങ്ങിയ കെ.ജി കുട്ടികളെ എഴുത്തിനിരുത്തി. ഈ മാസം 29-ാം തിയതി പി.എസ്.സി ബോധവൽക്കരണ ക്ലാസ് നടത്തും. ആഗസ്റ്റ് മാസം മുതൽ പി.എസ്.സി പരിശീലന ക്ലാസ് ആരംഭിക്കാൻ തീരുമാനിച്ചു.

**സെന്റ് സേവ്യേഴ്സ്:** എസ്.എസ്.എൽ.സി, +2, ഡിഗ്രി, ഹയർ സ്റ്റഡീസ് തലങ്ങളിലെ 23 വിദ്യാർത്ഥികൾക്ക് മൊമെന്റോ നൽകി ആദരിച്ചു. ത്രിഭാഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്കു നേടിയ കുട്ടികൾക്ക് മൊമെന്റോ നൽകി ആദരിച്ചു.

**വലിയതുറ**: എം.കോമിന് ഒന്നാം റാങ്കുകാരിയായ ലിനിമോളെ സ്വർണ്ണപതക്കം നൽകി ആദരിച്ചു. അഭിവന്ദ്യ സൂസപാക്യം തിരുമേനി സ്വർണ്ണപതക്കം സമ്മാനിച്ചു. എസ്.എസ്.എൽ.സി യ്ക്കും +2 നും എല്ലാ വിഷയത്തിനും എ+ കിട്ടിയ കുട്ടികൾക്ക് ഉപഹാരവും ക്യാഷ് അവാർഡും നൽകി ആദരിച്ചു. ഒപ്പം എസ്.എസ്.എൽ.സിയ്ക്കും +2 വിനും 80% മാർക്ക് വാങ്ങിയവർക്കും ക്യാഷ് അവാർഡ് നൽകി ആദരിച്ചു. ഡിഗ്രി രണ്ടാം വർഷം പഠിക്കുന്ന 40 വിദ്യാർത്ഥികൾക്ക് മണിത്തോട്ടം ചാരിറ്റി ട്രസ്റ്റിന്റെയും ഇടവകയുടെയും നേതൃത്വത്തിൽ സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തു. ആപ്റ്റ് എന്ന സംഘടനയുടെ നേതൃത്വത്തിൽ 70 വിദ്യാർത്ഥികൾക്ക് സ്കൂൾ ഫീസുകൾ നൽകുകയും സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് 150 വിദ്യാർത്ഥികൾക്ക് എല്ലാ ദിവസവും വൈകുന്നേരം 6 മണി മുതൽ 8 വരെ സൗജന്യ ട്യൂഷൻ നടത്തിവരുന്നു. സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിന്റെ നേതൃത്വത്തിൽ 80 വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, ഷൂസ്, പാഠപുസ്തകങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ വാർഡുതലത്തിൽ നോട്ടുബുക്കുകൾ വിതരണം ചെയ്തു.

**കണ്ണാന്തുറ**: 29-ാം തിയതി കണ്ണാന്തുറ ടീനേജ് അവയർനസ്സ് ക്ലാസ്സ് നടത്താൻ തീരുമാനിച്ചു.

**സ്കൂൾതലം**: വെട്ടുകാട് ഹയർസെക്കന്ററി സ്കൂളിൽ 6,12 എന്നീ





തിയതികളിൽ സന്ദർശിക്കുകയും 24-ാം തീയതി ബോധവൽക്കരണ ക്യാമ്പ് റ്റിഎസ്എസ്എസ്സുമായി ചേർന്ന് സംഘടിപ്പിക്കുകയും ചെയ്തു.

**ഫാ. ജോസ് ദിലീപ്** — **മേരി**
കോ-ഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

**ഫെറോനാതലം**

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി യോഗം ജൂലൈ 22.7.2018-ന് കോ-ഓർഡിനേറ്റർ ഫാ. ഫ്രഡി സോളമന്റെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ഇടവക, ഫെറോനതല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് വിലയിരുത്തി. പ്രധാനമായി ഡിഫൻസ് പരിശീലനം, ഡിഗ്രി സ്റ്റുഡൻസ് ഫോറം പി.എസ്.സി പരിശീലനം എന്നീ പ്രവർത്തനങ്ങൾ ഓഗസ്റ്റ് ആദ്യത്തെ തിങ്കളാഴ്ച ആരംഭിക്കുന്നതിന് സമിതി തീരുമാനിച്ചു. മേൽപ്പടി പ്രവർത്തനങ്ങൾ യൂത്ത് മിനിസ്ട്രിയുമായി സഹകരിച്ച് ചെയ്യുവാനും തീരുമാനിച്ചു.

**ഫെറോനതലത്തിൽ കെ.റ്റെറ്റ് പരിശീലനം:** റ്റി.റ്റി.സി, ബി.എഡ് പാസ്സായ ഉദ്യോഗാർത്ഥികൾക്കായി 15-7-2018 മുതൽ നാലാമത്തെ ബാച്ചിനായുള്ള കെ.റ്റെറ്റ് പരിശീലനത്തിന് തുടക്കം കുറിച്ചു. പുല്ലുവിള ലിയോ XIII സ്ക്കൂളിൽ വച്ച് സംഘടിപ്പിക്കുന്ന പരിശീലനത്തിന് 23 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന എല്ലാ ശനി, ഞായർ ദിവസങ്ങളിലും മറ്റ് അവധി ദിവസങ്ങളിലും ആവശ്യാനുസരണം പ്രവർത്തിദിനങ്ങളിലും പരിശീലനം നടന്നു വരുന്നു. ദിദീഷ് ബാബുവാണ് പരിശീലനത്തിന് നേതൃത്വം വഹിക്കുന്നത്.

**സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്**: ഈ മാസം 5 പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു. "നളന്ദ" സിവിൽ സർവീസ് അക്കാഡമിയാണ് പരിശീലനം നൽകി വരുന്നത്. പൂവാർ ഏയ്ഞ്ചൽസ് സ്കൂളിൽ വച്ച് സംഘടിപ്പിച്ചു വരുന്ന പരിശീലനത്തിൽ 29

വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

**ഇടവകാതലം:** സമിതിയോഗം പൂവാർ, നമ്പ്യാതി, ലൂർദ്ദുപുരം എന്നീ ഇടവകകളിൽ നടന്നു.

**പൂവാർ** ഇടവകയിൽ ബിസിസി വാർഡ് തലത്തിൽ 11 അംഗങ്ങൾ അടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് സമിതിക്ക് രൂപം നൽകി. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ബിസിസി തലത്തിൽ കാര്യക്ഷമമാക്കുക വഴി വിദ്യാർത്ഥികൾക്ക് എച്ച്.എസ്, എച്ച്.എസ്.എസ് തലങ്ങളിൽ കൗൺസിലിംഗ്, നൈറ്റ് സ്റ്റഡി എന്നിവ സംഘടിപ്പിക്കുവാനാണ് പ്രധാനമായി ലക്ഷ്യം വയ്ക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിൽ 16-7-18-ൽ നൈറ്റ് സ്റ്റഡിയ്ക്ക് തുടക്കം കുറിച്ചു. +2 വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം കൗൺസിലിംഗും നടന്നുവരുന്നു.

+2 കഴിഞ്ഞ് തുടർ വിദ്യാഭ്യാസത്തിന് അഡ്മിഷൻ കിട്ടാത്തവർക്ക് ഓപ്പൺ കോളേജിൽ അഡ്മിഷൻ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണം നടന്നുവരുന്നു.

ലയോള കോളേജിൽ ഡിഗ്രി പഠനത്തിന് പോകുന്ന സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന മൂന്ന് കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

പി.എസ്.സി പരിശീലനം: പൂവാർ ഇടവക വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ 22-7-18-ൽ പി.എസ്.സി പരിശീലനത്തിന് തുടക്കം കുറിച്ചു. 25 വിദ്യാർത്ഥികൾ പങ്കെടുത്ത പരിശീലനം സ്പോൺസർ വഴിയാണ് സാമ്പത്തികം കണ്ടെത്തുന്നത്.

**നമ്പ്യാതി** ഇടവകയിൽ പിഎസ്സി പരിശീലനം കൃത്യമായി നടക്കുന്നു. ഈ മാസം 20 ക്ലാസ്സുകൾ സംഘടിപ്പിച്ചു. കൃത്യമായി 30 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു. കഴിഞ്ഞ പി.എസ്.സി (ലാസ്റ്റ് ഗ്രേഡിൽ) പരീക്ഷയിൽ അഞ്ചു, രതീഷ് എന്നിവർ മെയിൻ ലിസ്റ്റിൽ ഇടംതേടി.





**മെറിറ്റ് അവാർഡ്**

എല്ലാ ഇടവകകളിലും എസ്എസ്എൽസി, +2 വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും എ+ കിട്ടിയ വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നൽകുന്നതിനുള്ള ക്രമീകരണം നടന്നുവരുന്നു.

**സ്കൂൾതല പ്രവർത്തനങ്ങൾ:** പോപ്പുലേഷൻഡേയോടനുബന്ധിച്ച് ഫെറോനയിൽ 7 സ്കൂളുകളിൽ എക്സിബിഷൻ, സെമിനാർ, വിഷയാവതരണം എന്നിവ സംഘടിപ്പിച്ചു. പുല്ലുവിള ഇടവകയിൽ വിദ്യാഭ്യാസ സർവേ പൂർത്തിയാക്കി വരുന്നു.

ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ മക്കൾക്കായി വിദ്യാഭ്യാസ ശുശ്രൂഷയും, റ്റിഎസ്എസ്എസ് സംയുക്തമായി ബാഗ്, കുട, വാട്ടർ ബോട്ടിൽ എന്നിവ 28 വിദ്യാർത്ഥികൾക്ക് നൽകി.

**പുല്ലുവിള**

**മെറിറ്റ് അവാർഡ്:** പുല്ലുവിള ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് എസ്.എസ്.എൽ,സി, +2 വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡും മൊമെന്റോയും നൽകി ആദരിച്ചു.

**ഫാ. ഫ്രഡി സോളമൻ** — **മേരിത്രേസ് മൊറായിസ്**
കോ-ഓർഡിനേറ്റർ — ആനിമേറ്റർ

**~~തൂത്തൂർ ഫെറോന~~**

**ഫെറോനതലം**

ജൂൺ 6-ന് ഫെറോന വിദ്യാഭ്യാസ കോർഡിനേറ്റർ സേവ്യർ അച്ചന്റെ നേതൃത്വത്തിൽ ഇരയിമ്മൻതുറയിൽ യോഗം കൂടി. ഫെറോന പ്രവർത്തന റിപ്പോർട്ട് യഥാസമയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. പുതിയതായി ചാർജ് എടുക്കുന്ന കോഓർഡിനേറ്ററെ പ്രവർത്തന പരിപാടികളെല്ലാം ധരിപ്പിക്കണമെന്നു ആവശ്യപ്പെട്ടു.

പിന്നെ ജൂലൈ 1 ന് ഫെറോനവികാരിയുടെ നേതൃത്വത്തിൽ ഓഖി ബാധിതരുടെ കുടുംബങ്ങളിലെ 1 മുതൽ 12-ാം ക്ലാസിലെ കുട്ടികൾക്ക് ബാഗും, കുടയും, ബോട്ടിലും നൽകി.

ഇടവകതല പ്രവർത്തനങ്ങൾ

ഓഖി ബാധിതരുടെ പേരുവിവരങ്ങൾ 7 ഇടവകയിൽ നിന്നും ശേഖരിച്ചു. ജൂലൈ 11-ന് മാർത്താണ്ഡംതുറയിൽ വച്ച് ഫാ.ജേക്കബിന്റെ നേതൃത്വത്തിൽ യോഗം കൂടി. ഈ യോഗത്തിൽ വെച്ച് 10,12 ക്ലാസുകളിലെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകണമെന്ന് തീരുമാനിച്ചു. സന്ധ്യാസമയത്ത് കുട്ടികളുടെ പഠനത്തിൽ ശ്രദ്ധ ചെലുത്തുവാനും പാവപ്പെട്ട കുട്ടികൾക്ക് ബുക്കുകളും മറ്റും സാധനങ്ങളും നല്കുവാനും തീരുമാനിച്ചു.

നീരോടിയിൽ ജൂൺ 28-ന് വിദ്യഭ്യാസ സമിതി യോഗം കൂടി. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്നും സന്ധ്യാസമയത്ത് കുട്ടികളുടെ പഠന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും തീരുമാനിച്ചു.

**ഫാ. ആൻസിൽ ആന്റണി** — **മല്ലിക ഡെസൽവൻ**

കോ-ഓർഡിനേറ്റർ — ആനിമേറ്റർ





# സാമൂഹ്യശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

ജൂൺ, ജൂലൈ മാസങ്ങളിൽ ഫെറോനാ എക്സിക്യൂട്ടീവ് യോഗങ്ങൾ കോഓർഡിനേറ്റർ റവ.ഫാ.ടോണി ഹാംലെറ്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗങ്ങളിൽ ഇടവക ഫെറോനാ പ്രവർത്തന വിലയിരുത്തലുകൾ നടന്നു പ്രധാനമായും അഞ്ചുതെങ്ങ്, പൂത്തുറ, താഴംപള്ളി ഇടവകകളിൽ കടൽക്ഷോഭം മൂലം നാശനഷ്ടങ്ങളുണ്ടായ കുടുംബങ്ങളുടെ പുനരധിവാസം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മുതലപ്പൊഴി പുലിമുട്ട് നിർമ്മാണത്തിലെ അശാസ്ത്രീയത പരിഹരിക്കുന്നതിനും തക്കതായ സമരപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും തീരുമാനിച്ചു.

ഫെറോനാ പ്രവർത്തകരുടെ യോഗം 8-5-18, 7-7-18 എന്നീ തീയതികളിൽ നടന്നു. സപ്ലിമെന്ററി, നഴ്സറി, ചൈൽഡ് പാർലമെന്റ് പ്രവർത്തന വിലയിരുത്തൽ നടന്നു സപ്ലിമെന്ററി, നഴ്സറി അദ്ധ്യാപകർക്കായ് ടീച്ചിംഗ് നോട്ട് തയ്യാറാക്കൽ കുട്ടികളെ എങ്ങനെ പഠനത്തിൽ സഹായിക്കാം എന്ന വിഷയങ്ങളിൽ ബോധവൽക്കരണം നൽകി.

സ്വയം സഹായ സംഘങ്ങളുടെ സാമ്പത്തിക ഉന്നമന പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനാ ഫെഡറേഷൻ യോഗം 23-6-18, 19-7-18 എന്നീ തീയതികളിൽ നടന്നു. യോഗത്തിൽ ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. ജൂൺ മാസം തീരസംരക്ഷണം പരിസ്ഥിതി സംരക്ഷണം എന്ന വിഷയത്തിൽ ബോധവൽക്കരണം നൽകി. തൊഴിൽകാര്യ കമ്മിഷന്റെ ഭാഗമായ് കെ.എൽ.എം ഫെറോന യോഗം 21-6-18, 20-7-18 എന്നീ തീയതികളിൽ നടന്നു. കെ.എൽ.എം ഫെറോനാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജൂൺമാസം 40 അംഗങ്ങൾക്ക്

വിത്ത്, വളം, ഗ്രോബാഗ് എന്നിവ വിതരണം ചെയ്തു. കൂടാതെ ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം, വിവിധ കീടനാശിനികൾ, ജൈവവള നിർമ്മാണം എന്നിവയെക്കുറിച്ച് ബോധവൽക്കരണം നൽകി.

മത്സ്യവിപണന സ്ത്രീഫോറം പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനാ യോഗങ്ങൾ നടന്നു. തീരസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മഴക്കാല രോഗങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നൽകി.

ആരോഗ്യ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കൗമാരപ്രായക്കാരായ കുട്ടികൾക്ക് ജങ്ക്ഫുഡിനെ ക്കുറിച്ചും ജീവിതശൈലീരോഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകി. ഹെൽത്ത് ക്ലബ്, കെ.സി.വൈ.എം ഇടവക സമിതി അംഗങ്ങളുടെ സഹായത്തോടെ ക്ലീനിംഗ് നടത്തി. ഭിന്നശേഷിയുള്ള കുട്ടികളുടെ ഭവനസന്ദർശനം നടത്തി. കുട്ടികളുടെ നിലവാരത്തെക്കുറിച്ച് ചാർട്ട് തയ്യാറാക്കി.

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ് ജൂൺ 26 ലഹരി വിരുദ്ധ ദിനാചരണം അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ സി.എച്ച്.സി, റ്റി.എസ്.എസ്.എസ്, സംയുക്തമായി നടത്തി. ലഹരി വിരുദ്ധ പ്രതിജ്ഞയോടെ ആരംഭിച്ച ദിനാചരണത്തിൽ ഡോ.സുരേഷ് ലഹരിവിരുദ്ധ സന്ദേശം നൽകി. സി.എച്ച്.സി മെഡിക്കൽ ഓഫീസർ റാലി ഫ്ളാഗ് ഓഫ് ചെയ്തു. റാലിയ്ക്ക് ശേഷം ലഹരിയുടെ ദൂഷ്യങ്ങളെക്കുറിച്ച് ഡോ.ശ്യാംജി ബോധവൽക്കരണം നൽകി. തുടർന്ന് ലഹരിയെ ആസ്പദമാക്കി ക്വിസ് പ്രോഗ്രാം നടത്തി വിജയികൾക്ക് സമ്മാനം നൽകി. സ്ത്രീശാക്തീകരണ പ്രോജക്ടിന്റെ ഭാഗമായ്. അയൽക്കൂട്ട യോഗങ്ങളിൽ തീരസംരക്ഷണം പരിസ്ഥിതി സംരക്ഷണം എന്ന വിഷയത്തിൽ ബോധവൽക്കരണം നൽകി. ജൂൺ 5 പരിസ്ഥിതി





ദിനാഘോഷത്തിന്റെ ഭാഗമായി മാമ്പള്ളി ഇടവകയിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നൽകി. കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള ജീവിത നൈപുണ്യ ക്ലാസ് 3 ഏര്യകളിലായി 104 കുട്ടികൾക്ക് സഭാ പ്രവർത്തകരുടെ നേതൃത്വത്തിൽ നൽകി. മുങ്ങോട്, വെന്നിക്കോട്, ആറ്റിങ്ങൽ ഇടവകകളിലെ തൊഴിൽ ചെയ്യാനാഗ്രഹിക്കുന്ന 26 അംഗങ്ങൾക്ക് ഓറിയന്റേഷൻ ക്ലാസ് സഖി ഡയറക്ടർ ശ്രീമതി മേഴ്സി അലക്സാണ്ടറിന്റെ നേതൃത്വത്തിൽ നടന്നു. മാമ്പള്ളി ഇടവകയിൽ 2 മത്സ്യ വിപണന ഫോറം രൂപീകരിച്ചു. ടോയ്‌ലറ്റ് നിർമ്മാണത്തി നായി 10 ഇടവകകളിൽ നിന്നും ലഭിച്ച 110 അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷൻ നടന്നു.

**മറ്റ് പ്രവർത്തനങ്ങൾ**

അഞ്ചുതെങ്ങ്, താഴംപള്ളി, പൂത്തുറ, മാമ്പള്ളി ഏര്യകളിൽ കടൽക്ഷോഭം മൂലം ഭവനങ്ങൾ നഷ്ടമായവർക്കും, കടൽവെള്ളം കയറി വീട് നശിച്ചവരുടെയും പുനരധിവാസം സാധ്യമാക്കുക, മുതലപ്പൊഴി പ്രശ്നത്തിനു പരിഹാരം കാണുക എന്നീ ലക്ഷ്യത്തോടെ മാമ്പള്ളി മുതൽ മുതലപ്പൊഴിപാലം വരെ മത്സ്യതൊഴിലാളികൾ റോഡ് ഉപരോധവും റാലിയും നടത്തി. മുതലപ്പൊഴിയിൽ സാൻഡ് ബൈപാസിംഗ് നടപ്പിലാക്കുക, കടലിൽ മത്സ്യബന്ധനത്തിനിടെ മരണമടഞ്ഞവർക്കും കാണാതായവരുടെ കുടുംബാംഗങ്ങൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുക, മത്സ്യതൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പ് വരുത്തുക, മുതലപ്പൊഴി അശാസ്ത്രീയത പരിഹരിക്കുക എന്നീ ലക്ഷ്യ ത്തോടെ നടത്തിയ പ്രതിഷേധറാലിയിൽ അതിരൂപതാ മെത്രാപ്പൊലീത്ത റൈറ്റ്.റവ.സൂസൈപാക്യം അഭിസംബോധന ചെയ്യുകയുണ്ടായി. രൂപതാ ബിസിസി ഡയറക്ടർ റവ. ഫാ. മൈക്കൽ തോമസ് പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്ന തിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ഉറപ്പ് നൽകി.

തുടർന്ന് ജില്ലാ കളക്ടർ കടൽക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിട്ട് കാണുകയും മത്സ്യതൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ ശ്രദ്ധിക്കുമെന്ന് ഉറപ്പു നൽകി. 2000 അംഗങ്ങൾ പങ്കെടുത്ത ഉപരോധ പ്രകടനം ഫെറോന വികാരി റവ.ഫാ.ജോസഫ് ബാസ്കർ ഉദ്ഘാടനം ചെയ്തു. ഫെറോനയിലെ ഇടവകാ വൈദികരെല്ലാം പ്രസ്തുത ഉപരോധത്തിൽ പങ്കെടുത്തു.

**ഫാ. ടോണി ഹാംലറ്റ്** — **പ്രീതി മാത്യൂസ്**
കോ-ഓർഡിനേറ്റർ — ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

### നീതി സമാധാനം വികസന കമ്മീഷൻ

### കാര്യശേഷി വികസനവിഭാഗം

**ഫെറോന എക്സി.യോഗം:** മെയ് 21, ജൂൺ 4 തീയതികളിൽ ശാന്തിപുരം ഇടവകയിൽ വച്ചു നടന്നു. ഫെറോന കോർഡിനേറ്റർ സിൽവസ്റ്റർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇടവക ഫെറോനതല പ്രവർത്തനങ്ങൾ വിലയിരുത്തി തൊഴിലാളി ദിനാചരണം പരിസ്ഥിതി ദിനാചരണം, ഫെറോന വാർഷിക ജനറൽബോഡി, മദ്യവിരുദ്ധ ദിനാചരണം, ജൈവകൃഷി, പ്രോജക്റ്റ് പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്തു. നടപ്പിലാക്കാൻ തീരുമാനിച്ചു.

**ഇടവകതലയോഗങ്ങൾ:** മെയ് മാസം 10 ഇടവകകളിൽ 9-ലും, ജൂൺ മാസം 10-ൽ 5 ഇടവകകളിലും യോഗങ്ങൾ നടന്നു. പ്ലാൻ & ബഡ്ജറ്റ് അനുസരിച്ച് പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി. ആവശ്യമായ അറിയിപ്പുകൾ നൽകി.





**ഫെറോന വാർഷിക ജനറൽബോഡി:** ജൂൺ 10 ന് തുമ്പയിൽ വച്ച് സിൽവസ്റ്റർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. ജനറൽ ബോഡി അംഗങ്ങൾക്ക് "ലീഡർഷിപ്പ്" എന്ന വിഷയത്തിന്മേൽ എഫ്.എം ലാസർ ക്ലാസ് നൽകി.

**ഫെറോനതല പ്രവർത്തകയോഗം:** മെയ് 5. ജൂൺ 2 തീയതികളിൽ തുമ്പയിൽ വച്ച് ഫെറോനതല പ്രവർത്തക യോഗം നടന്നു. പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തൽ നടത്തി.

**അടിസ്ഥാന സൗകര്യ വികസനം:** പ്രോജക്ടിന്റെ ഭാഗമായി എല്ലാ ഇടവകകളിൽ നിന്നും ടോയ്‌ലറ്റിനുള്ള അപേക്ഷകൾ സ്വീകരിച്ചു. ലഭിച്ച 119 അപേക്ഷകളുടെയും വെരിഫിക്കേഷൻ പൂർത്തിയാക്കി.

### സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും

**ഫെറോനതല യോഗം:** മെയ് 20, ജൂൺ 17 തീയതികളിൽ തുമ്പ, മര്യനാട് എന്നീ സ്ഥലങ്ങളിൽ വച്ച് ഫെറോന തലയോഗങ്ങൾ നടന്നു. തുമ്പയിൽ വച്ച് നടന്ന യോഗത്തിൽ ലയോള കോളേജ് കൗൺസിലർ ശ്രീമതി പുഷ്പഭായി ''സ്ത്രീകളുടെ മാനസികാരോഗിക പ്രശ്നങ്ങൾ" എന്ന വിഷയത്തിന്മേൽ ക്ലാസ് നൽകി.

**ഇടവകാതലയോഗങ്ങൾ:** മെയ് മാസം 8-ൽ 7 ഇടവകകളിലും ജൂണിൽ 6 ഇടവകകളിലും യോഗങ്ങൾ നടന്നു. ഫെറോനതല യോഗങ്ങളിലെ അംഗങ്ങളുടെ പങ്കാളിത്തം, പരിസ്ഥിതി ദിനാചരണം, ഓർഗനൈസർ വിസിറ്റ് എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു.

**ഏകദിന സ്വയം തൊഴിൽ പരിശീലനം:** മെയ് 19-ന് പള്ളിത്തുറയിൽ വച്ച് ജെൻ ക്യാൻഡിൽ പരിശീലനം നടന്നു. വിഴിഞ്ഞം ഇടവകയിലെ ശ്രീ.വിജിയാണ് പരിശീലനം നൽകിയത്. 22 അംഗങ്ങൾ പങ്കെടുത്തു.

**പുതിയ എസ്എച്ച്ജി പരിശീലനം:** മെയ് 28-ന് മര്യനാട് ഇടവകയിൽ വച്ച് പ്രോജക്ടിന്റെ ഭാഗമായി രൂപീകരിച്ച 3 പുതിയ എസ്എച്ച്ജി കൾക്കായുള്ള പരിശീലനം നടന്നു. പ്രോജക്ട് റീജിയണൽ അസിസ്റ്റന്റ് ജനറ്റ് വിക്ടർ ക്ലാസെടുത്തു, 30 അംഗങ്ങൾ പങ്കെടുത്തു.

**സ്വയം തൊഴിൽ ചെയ്യുന്നവർക്കുള്ള ഓറിയന്റേഷൻ ട്രെയിനിംഗ്:** പ്രോജക്ടിന്റെ ഭാഗമായി ജൂൺ 18,19 എന്നീ തീയതികളിൽ പള്ളിത്തുറ, പുത്തൻതോപ്പ്, മര്യനാട്, ഫാത്തിമാപുരം, ശാന്തിപുരം എന്നീ ഇടവകകളിൽ സ്വയം തൊഴിൽ ചെയ്യാൻ താൽപര്യമുള്ള അംഗങ്ങളെ വിളിച്ച് കൂട്ടി പരിശീലനം നൽകി. ജെണ്ടർ കോർഡിനേറ്റർ ശ്രീമതി മേഴ്സി അലക്സാണ്ടറാണ് ക്ലാസ് നൽകിയത്.

**നിക്ഷേപ ലോൺ വിതരണം:** മെയ് മാസത്തിൽ 1,60,000 രൂപയും ജൂൺമാസത്തിൽ 2,80,000 രൂപയും നിക്ഷേപ ലോൺ നൽകി.

**എസ്.എ.എഫ്.പി:** നിലവിലുള്ള കുടുംബങ്ങൾ-17 വിജയകരമായ സ്വയം തൊഴിൽ ചെയ്ത് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നു. മെയ് മാസത്തിൽ ഒരംഗത്തിന് പ്രത്യേക സമ്മാനം ലഭിച്ചു. ബനിഫിഷറിയിൽ നിന്നും കത്തുകൾ ശേഖരിച്ച് കോർഡിനേറ്ററെ ഏൽപ്പിച്ചു. ഭവന സന്ദർശനം നടത്തിവരുന്നു.

**തൊഴിൽകാര്യ കമ്മീഷൻ**

**മത്സ്യക്കച്ചവട സ്ത്രീഫോറം:** 8 ഇടവകകളിലായി 135 അംഗങ്ങൾ പ്രവർത്തിക്കുന്നു.





**ഫെറോനതലയോഗം:** മെയ് 29, ജൂൺ 24 എന്നീ തീയതികളിൽ പള്ളിത്തുറ, ശാന്തിപുരം ഇടവകകളിൽ വച്ച് ഫെറോനതലയോഗം നടന്നു. പള്ളിത്തുറയിൽ വച്ച് നടന്ന യോഗം തൊഴിലാളി ദിനം, മദ്യദിനം എന്നിവയെക്കുറിച്ച് ലെനിൻ ഫെർണാണ്ടസ് അച്ചന് ക്ലാസ് നൽകി. കഴക്കൂട്ടം മാർക്കറ്റ്, ചന്ത പ്രശ്നങ്ങൾ, വസ്ത്രധാരണ രീതി എന്നീ കാര്യങ്ങളും ചർച്ച ചെയ്തു.

**യൂണിറ്റ് യോഗങ്ങൾ:** മെയ് മാസം 8 ൽ 7 ജൂൺ മാസം 8 ഇടവകകളിലും യൂണിറ്റ് യോഗങ്ങൾ നടന്നു. ഐ.ഡി കാർഡ് ലിസ്റ്റ് എടുക്കുകയും ''തീരവും പരിസ്ഥിതി സംരക്ഷണവും'' ജീവിതശൈലിയും രോഗങ്ങളും എന്നീ വിഷയങ്ങളിന്മേൽ ക്ലാസ് നൽകുകയും ചെയ്തു.

**മേയർ സന്ദർശനവും നിവേദനവും സമർപ്പിക്കലും**: ജൂൺ 4-ന് തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ വി.കെ പ്രശാന്തിനെ കണ്ട് കഴക്കൂട്ടം മാർക്കറ്റിന്റെ പണി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നിവേദനം നൽകി. ചന്തയിലെ സ്ത്രീകളുടെ പ്രശ്നങ്ങളും ചർച്ച ചെയ്തു.

**റ്റി.എം.എഫ്**

**ഫെറോനതലയോഗം:** മെയ് 25-ന് ഫെറോനതലയോഗം സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് കൂടി. പുരുഷന്മാരുടെ ക്ഷേമനിധി ബോർഡിലെ അംഗത്വത്തിനെ കുറിച്ച് ചർച്ച നടത്തി. അംഗത്വം ലഭിക്കാത്തവരുടെ ലിസ്റ്റ് ഇടവകാതലത്തിൽ ശേഖരിക്കാൻ തീരുമാനിച്ചു.

**യൂണിറ്റ് യോഗങ്ങൾ:** ഇടവകയിലെ 3 യൂണിറ്റുകളിലും മെയ്-ജൂൺ മാസങ്ങളിൽ യോഗങ്ങൾ നടന്നു. സെന്റ് സേവ്യഴ്സ് കോളേജിൽ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പ്രാതിനിധ്യം നൽകുന്നതും സംബന്ധിച്ച കാര്യങ്ങളും റ്റി,എം.എഫ് അംഗത്വ ഫോം വിതരണം

തുടങ്ങിയ കാര്യങ്ങളും പ്രാദേശിക വിഷയങ്ങളും ചർച്ച ചെയ്തു.

**കെ.എൽ.എം:** രൂപതാതലത്തിൽ നടത്തിയ തൊഴിലാളി ദിനാചരണത്തിൽ പുതുകുറിച്ചി ഫെറോനയിലെ 21 അംഗങ്ങളെ പങ്കെടുപ്പിച്ചു.

**ഫെറോനതലയോഗം:** മെയ് 25, ജൂൺ 30 എന്നീ തീയതികളിൽ പുത്തൻതോപ്പ്, മര്യനാട് ഇടവകകളിൽ വച്ച് ഫെറോനതല യോഗം നടന്നു. പുത്തൻതോപ്പ് വച്ച് നടന്ന യോഗത്തിന് ശേഷം ഫെറോനതല തൊഴിലാളിദിനം ആചരിച്ചു. തുടർന്ന്, "തൊഴിലാളി നിമയങ്ങളും അവകാശങ്ങളും'' എന്ന വിഷയത്തിന്മേൽ അഡ്വ.വിരകുമാർ ക്ലാസ് നൽകി. മര്യനാട് ഇടവകയിൽ വച്ച് നടന്ന യോഗത്തിൽ ''ജൈവകൃഷി ജൈവവളനിർമ്മാണം'' എന്നീ വിഷയത്തിന്മേൽ ചെറിന്നിയൂർ കൃഷി ഭവൻ കർമ്മസേന സെക്രട്ടറി ശ്രീ.രതീഷ് ക്ലാസ് നൽകി. തുടർന്ന് 35 പേർക്ക് വിത്ത്, വളം, ഗ്രോബാഗ് വിതരണം നടത്തി.

**ഇടവകതലയോഗം:** മെയ് മാസം 4-ൽ 3 ഇടവകകളിലും ജൂണിൽ 4 ഇടവകകൾ യോഗങ്ങൾ നടന്നു. വെട്ടുതുറ രൂപതയുടെ സ്ഥലത്ത് തുടങ്ങാനുദ്ദേശിക്കുന്ന ജൈവ പച്ചക്കറി കൃഷിയെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.

**ആരോഗ്യകാര്യകമ്മീഷൻ**

**എസ്.എൽ.എഫ്. സന്ദർശനം**: എസ്.എൽ.എഫ്. കുട്ടികളുടെ ചരിത്രം ശേഖരിച്ച് ഹാൻഡ് ബുക്കിൽ അപ്ഡേറ്റ് ചെയ്തു. സർക്കാർ ആനുകൂല്യം ലഭിക്കുന്നതിനായുള്ള രേഖകൾ ശേഖരിച്ചു.

മെയ് 4-ൽ കുടപ്പനക്കുന്ന് കളക്ടർ ഓഫീസിൽ വച്ച് നടന്ന ഡെങ്കുനിവാരണ യജ്ഞത്തിന്റെ ഭാഗമുള്ള യോഗത്തിൽ റ്റി.എസ്.എസ്.എസ് ഫെറോന കോഓർഡിനേറ്റർ ഉൾപ്പെടെ 4 പേർ





പങ്കെടുക്കുകയും ഫെറോന റ്റി.എസ്.എസ്.എസ് യൂണിറ്റുകളിൽ അവബോധം നൽകുകയും ചെയ്തു.

ജൂൺ 26-ന് നിപ്പ വൈറസിനെതിരായുള്ള ലീഫ്ലെറ്റ് വിതരണം നടത്തി.

ജൂൺ 26 പുതുക്കുറിച്ചി നേഴ്സറിയിൽ കുട്ടികൾക്കായി ഒരു സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

ജൂൺ 19-ന് പുതുക്കുറിച്ചി പി.എച്ച്.സി യുമായി സഹകരിച്ച് തുമ്പയിൽ വച്ച് സൗജന്യ മെഡിക്കൽ ചെക്കപ്പ് നടത്തി.

**സ്ത്രീകളും കുട്ടികളും**

**ചൈൽഡ് പാർലമെന്റ്:** മെയ് 13,28; ജൂൺ 24,15 എന്നീ തീയതികളിൽ തുമ്പ, പള്ളിത്തുറ, ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു. ആരോഗ്യ രംഗത്തെക്കുറിച്ചുള്ള ക്വിസ് മത്സരം നടത്തുകയും ''പരിസ്ഥിതിദിനം ജീവിതശൈലി രോഗങ്ങളും'' എന്നീ വിഷയങ്ങളിന്മേൽ ക്ലാസ് നൽകുകയും ചെയ്തു.

**ആഡോളസെന്റ് കുട്ടികൾക്കായുള്ള ട്രെയിനിംഗ്:** തുമ്പ, ശാന്തിപുരം, മര്യനാട് എന്നീ സ്ഥലങ്ങളിൽ അഡോളസെന്റ് കുട്ടികൾക്കായുള്ള ജീവിത നൈപുണ്യപരിശീലനം എല്ലാ മാസവും നൽകി വരുന്നു. പ്രോജക്ടിന്റെ ഭാഗമായി നടത്തിവരുന്ന ഈ ക്ലാസ് നൽകുന്നതിന് സഖിയുടെ സ്റ്റാഫ് ശ്രീ.ശ്രീകലയാണ്.

**മദ്യവിരുദ്ധവും പരിസ്ഥിതി സംരക്ഷണവും**

**എ.എ.ഗ്രൂപ്പ്:** പുത്തൻതോപ്പ് ഇടവകയിൽ വച്ച് എല്ലാ ഞായറാഴ്ചകളിലും യോഗം കൂടുന്നുണ്ട്. ഭവനങ്ങൾ സന്ദർശിച്ച് മുക്തി ധ്യാനത്തിന് അംഗങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, ശാന്തിപുരത്ത് പാൻമസാല കച്ചവടം നടത്തിയിരുന്ന

പെറ്റിഷോപ്പ് സന്ദർശിക്കുകയും സിൽവസ്റ്റർ അച്ചന്റെ നേതൃത്വത്തിൽ വിൽപന തടയുകയും ചെയ്തു.

**ആലോചനയോഗവും ലഹരിവിരുദ്ധ ദിനാചരണവും:** ജൂൺ 22-ന് കരുണാനിവാസിൽ വച്ച് ലോക രഹരിവിരുദ്ധ ദിനത്തിന്റെ പരിപാടികളെക്കുറിച്ച് ഒരു ആലോചനയോഗം നടത്തി. അതിൻ പ്രകാരം ജൂൺ 26-ന് വിദ്യാസദൻ സ്കൂളിൽ വച്ച് 7,8,9 ക്ലാസിലെ കുട്ടികൾക്കായി മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കുട്ടികളെ ഉൾപ്പെടുത്തി ഒരു റാലി നടത്തി കഴക്കൂട്ടം എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ എക്സിബിഷൻ സംഘടിപ്പിച്ചു.

**പരിസ്ഥിതി സംരക്ഷണം:**

**ഇടവകതല പരിസ്ഥതി ദിനാചരണം**: 5,10 തീയതികളിൽ പുതുക്കുറിച്ചി ഫെറോനയിലെ എല്ലാ ഇടവകകളിലും പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി രൂപതയിൽ നിന്നും ലഭിച്ച 170 വൃക്ഷതൈകൾ നട്ട് കൊണ്ട് ഇടവകതല പരിസ്ഥിതി ദിനാചരണം നടത്തി.

**ഫെറോനതല പരിസ്ഥിതി ദിനാചരണം:** ജൂൺ 10-ന് തുമ്പയിൽ വച്ച് ഫെറോനതല പരിസ്ഥിതി ദിനാചരണം നടത്തി. സിൽവസ്റ്റർ അച്ചൻ തീരവും പരിസ്ഥിതി സംരക്ഷണവും എന്ന വിഷയത്തിന്മേൽ ക്ലാസ് നൽകി. സിൽവസ്റ്റർ അച്ചൻ, റോഡ്രിക്സ് കുട്ടി അച്ചൻ എന്നിവർ തുമ്പ പള്ളി പരിസരത്ത് വൃക്ഷതൈ നടുകയും ചെയ്തു.

**ഓഖി പ്രവർത്തനങ്ങൾ:** മെയ് 8 ഓഖി ബാധിതരുടെ ഭവനങ്ങൾ സന്ദർശിച്ച സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ലിസ്റ്റ് എടുത്ത് കോർഡിനേറ്ററിനെ ഏൽപ്പിച്ചു. തുടർന്ന് മെയ് 11-ൽ സി.ജെനസ്സസിന്റെ നേതൃത്വത്തിൽ തുമ്പ ഇടവക.യിൽ വച്ച് ഓഖി ബാധിതരുടെ യോഗം വിളിക്കുകയും സ്വയം തൊഴിൽ





ചെയ്യുന്നതിനെക്കുറിച്ചുള്ള അവബോധം നൽകുകയും ചെയ്തു.

**ഫാ. സിൽവസ്റ്റർ കുരിശ്** — **വിജിൻ വർഗ്ഗീസ്**

കോഓർഡിനേറ്റർ — ആനിമേറ്റർ

~~**പേട്ട ഫെറോന**~~

**നീതി സമാധാനം വികസന കമ്മീഷൻ**

**മനുഷ്യശേഷി വികസനവിഭാഗം**

ഫെറോന സാമൂഹ്യശുശ്രൂഷ സമിതിയോഗം 3-6-18, 1-7-18 എന്നീ തീയതികളിൽ നടന്നു.

6-6-18 കുരിശിന്റെ പ്രയാണത്തോടനുബന്ധമായി സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ ‘സാമൂഹ്യശുശ്രൂഷയുടെ സുതാര്യതയും കാര്യക്ഷമതയും’ എന്ന വിഷയത്തിൽ റ്റിഎസ്എസ്എസ് ഡയറക്ടർ റവ.ഫാ.ലെനിൻരാജ് ക്ലാസ്സ് നയിച്ചു.

എസ്.എച്ച്.ജി ഫെറോനയോഗം 8-6-18, 10-6-18 എന്നീ തീയതികളിൽ ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിലും എസ്.എച്ച്.ജി ഫെറോന പ്രസിഡന്റിന്റെ അധ്യക്ഷതയിലും നടന്നു.

8-6-18-നു ഫെറോനതലത്തിൽ എസ്എച്ച്ജി അംഗങ്ങൾക്ക് ലയോള എക്സ്റ്റൻഷൻ സർവ്വീസ് സെന്ററിലെ ശ്രീമതി പുഷ്പാബായി ‘കുടുംബബന്ധങ്ങളുടെ മഹനീയത’ എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ്സ് നൽകി. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി ഫെറോനയിൽ നിന്നും ലഭിച്ച 10 അപേക്ഷയുടെ വെരിഫിക്കേഷൻ രൂപതയിലെ ഭവന നിർമ്മാണ സൂപ്പർവൈസർ ശ്രീമതി നിഷ, ഫെറോന ആനിമേറ്റർ ശ്രീമതി ബിയാട്രിസിന്റെ നേതൃത്വത്തിലും നടന്നു. റിപ്പോർട്ട് രൂപതയിൽ എത്തിക്കുകയും ചെയ്തുകൊണ്ടുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുവാൻ സാധിച്ചു.

പേട്ട ഇടവകയിലെ ഭവനരഹിതരായ ഒരു നിർധന കുടുംബത്തിന് രൂപത റ്റിഎസ്എസ്എസ്സിൽ നിന്നും 5000 രൂപ ധനസഹായം നൽകി. സ്വന്തമായി സ്ഥലം ഇല്ലാത്തതുകൊണ്ട് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

**തൊഴിൽകാര്യ കമ്മീഷൻ**

കെ.എൽ.എം ഫെറോനതലയോഗം 17-6-18, 21-7-18 എന്നീ തീയതികളിൽ കെ.എൽ.എം ഫെറോന പ്രസിഡന്റിന്റെ അധ്യക്ഷതയിലും ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിലും നടന്നു.

17-6-18-ൽ ഫെറോനയിലെ 45 കെ.എൽ അംഗങ്ങൾക്കും, മുട്ടട ഇടവകയിലെ 31 അംഗങ്ങൾക്കും 'ജൈവകൃഷിയും അടുക്കള ത്തോട്ടം നിർമ്മാണവും' എന്ന വിഷയത്തിൽ ആനയറ കൃഷി ഓഫീസർ ശ്രീമതി ജോമി ജേക്കബ് അവബോധം നല്കി.

17-6-18 ഫെറോനയിലെ 50 അംഗങ്ങൾക്ക് 4 ഗ്രോബാഗ്, 3 കിലോ വളം, നാലുതരം വിത്ത് എന്നിവ രൂപതയുടെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മാണത്തിന്റെ ഭാഗമായി വിതരണം ചെയ്തു.

23-6-18 പേട്ട സെന്റ് ആൻസ് ദൈവാലയത്തിലെ 65 അംഗങ്ങൾക്ക് ഇടവകവികാരി റവ.ഫാ. പങ്ക്രേഷ്യസിന്റെ ഉദ്ഘാടനത്തോടെ 10 തരം വിത്ത്, 3 ഗ്രോബാഗ്, ഒരു കിലോവളവും അടുക്കളത്തോട്ടം നിർമ്മാണത്തിന്റെ ഭാഗമായി വിതരണം ചെയ്തു.

മുട്ടട ഇടവകയിലെ 25 അസംഘടിത തൊഴിലാളികളുടെ അംഗത്വഫോം വിവരശേഖരണം നടത്തി ഫെറോന ആനിമേറ്റർ രൂപതയിൽ എത്തിച്ചു.





**ആരോഗ്യകാര്യകമ്മീഷൻ**

17-6-18 പുഷ്പഗിരി ഇടവകയിൽ ഡയബറ്റിക്സ് രോഗ നിർണ്ണയ ക്യാമ്പ് ദിവ്യപ്രഭ ഹോസ്പിറ്റലിലെ നഴ്സും ലാബ് ടെക്നീഷ്യൻ എന്നിവരുടെ സഹായത്തോടെ സംഘടിപ്പിച്ചു. കുറഞ്ഞ ഫീസ് നിരക്കോടുകൂടി നടത്തിയ ക്യാമ്പ് ഇടവക വികാരി റവ.ഫാ. ജറാൾഡ് സാവിയോയുടെ ഉദ്ഘാടനത്തോടെ നടന്നു. നിർധനരായവർ, വിധവകൾ ഉൾപ്പെടെ 28 അംഗങ്ങൾക്ക് സൗജന്യ ബ്ലഡ്ഷുഗർ പരിശോധനയും നടത്തുകയുണ്ടായി. 87 അംഗങ്ങൾക്ക് പ്രസ്തുത സേവനം ലഭ്യമാക്കി. ഭിന്നശേഷിക്കാരുടെ അപേക്ഷ ഫെറോനയിലെ പോങ്ങുംമൂട് ഇടവകകളിൽ നിന്ന് ജന്മനാ അന്ധരായ ഒരു കുടുംബത്തിലെ രണ്ടു വിദ്യാർത്ഥികളുടെ അപേക്ഷ ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ രൂപതയിൽ എത്തിച്ച് പ്രസ്തുത കുട്ടികൾക്ക് വേണ്ട സേവനം ലഭ്യമാക്കി. ഫെറോനയിലെ ഭിന്നശേഷിക്കാരായ 3 കുട്ടികളുടെ വിവര ശേഖരണം ഫെറോന ആനിമേറ്റർ നടത്തുകയും പ്രസ്തുതരേഖകൾ 'നിരാമയാ' ധനസഹായ പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതിനായി രൂപതയിൽ എത്തിച്ചു.

മുട്ടട ഇടവകയിൽ എല്ലാ ഞായറാഴ്ചയും രാവിലെ ദിവ്യബലിക്കുശേഷം ഇടവകയിലെ റിട്ടേർഡ് ഡോ.ലൂയിസ് വിജയാധരന്റെ നേതൃത്വത്തിൽ സൗജന്യ വൈദ്യപരിശോധനയും, ബി.പി.ചെക്കപ്പ് എന്നിവ നടന്നു. പത്തിൽ കുറയാതെ രോഗികൾ ഓരോ ഞായറാഴ്ചയും പ്രസ്തുത സേവനം ഉപയോഗിച്ചുവരുന്നു.

ദിവ്യപ്രഭ ആശുപത്രിയിലെ നഴ്സും റ്റിഎസ്എസ്എസ് സെക്രട്ടറിയുമായ ശ്രീമതി ഷീലയുടെ നേതൃത്വത്തിൽ എല്ലാമാസവും ഇടവകയിലെ 50 അംഗങ്ങൾക്ക് സൗജന്യ ആരോഗ്യമാസിക വിതരണം മലയാള മനോരമയുടെ സഹായത്തോടെ ചെയ്തു വരുന്നു.

**സ്ത്രീകളുടെ കമ്മിഷൻ**: ചെറുവക്കൽ, പുഷ്പഗിരി എന്നീ ഇടവകകളിൽ വിധവാഫോറം യോഗം നടന്നു. ലോകവിധവാ ദിനാചരണത്തിന്റെ ഭാഗമായി രൂപത സ്ത്രീശാക്തീകരണ പ്രവർത്തനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപതാ റ്റിഎസ്എസ്എസ്സിൽ നിന്നും ചെറുവക്കൽ വിധവാഫോറത്തിലെ ശ്രീമതി റോസമ്മക്ക് ഒരു ആട്ടിൻ കുഞ്ഞിനെ നൽകി. ഇടവക വികാരി റവ.ഫാ.സുനിലിന്റെ ഉദ്ഘാടനത്തോടെയും ഫെറോന ആനിമേറ്ററിന്റെയും സാന്നിധ്യത്തിൽ പ്രസ്തുത പ്രോഗ്രാം നടന്നു.

8-7-18 പുഷ്പഗിരി ഇടവക റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ വിധവാഫോറത്തിലെ സ്ത്രീകളുടെ വിനോദയാത്ര സംഘടിപ്പിച്ചു. വേളിക്കായൽ, ശംഖുംമുഖം, കോവളം തുടങ്ങിയ വിനോദ സഞ്ചാരസ്ഥലങ്ങളും വെട്ടുകാട്, വേളി, കണ്ണാന്തുറ, വിഴിഞ്ഞം ദൈവാലയങ്ങളും സന്ദർശിക്കുകയുണ്ടായി.

**കുട്ടികളുടെ പ്രവർത്തനം**: 24-6-18 ഫെറോനതലത്തിൽ ചൈൽഡ് പാർലമെന്റ് കുട്ടികളുടെ മോക്ക് പാർലമെന്റ് ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ നടന്നു. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങൾ മോക്ക് പാർലമെന്റിൽ ചർച്ചാവിഷയമായി.

**മദ്യം - പരിസ്ഥിതി സംരക്ഷണം കമ്മീഷൻ**: ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി 24-6-18 ഫെറോനതലത്തിൽ ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളുടെ ബോധവത്കരണ ക്ലാസ്സ് നടന്നു. ഡോ.ശോഭാ മാത്യു ഷോർട്ട് ഫിലിമിന്റെ സഹായത്തോടെ ലഹരിവസ്തുക്കളുടെ പ്രത്യാഘാതങ്ങളുടെ ബോധ്യം നൽകി. 8-7-18 പേട്ട സെന്റ് ആൻസ് ഇടവക ദൈവാലയത്തിനും പ്രസ്തുത ക്ലാസ്സ് മതബോധന കുട്ടികൾക്കും യുവജനങ്ങൾക്കുംവേണ്ടി സംഘടിപ്പിച്ചു. രൂപതാ കോ-ഓർഡിനേറ്റർ സി.ജിൻസാ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളുടെ അവബോധം 10-6-18-ന് മൺവിള ഇടവകയിലെ





ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് നൽകി.

**പരിസ്ഥിതി സംരക്ഷണം:** ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 6-6-18-ൽ മുട്ടട ഇടവകയിൽ വച്ച് റ്റിഎസ്എസ്എസ് ഡയറക്ടർ റവ. ഫാ. ലെനിൻരാജിന്റെ ഉദ്ഘാടനത്തോടെ 30 വൃക്ഷതൈകൾ വിതരണം ചെയ്തു. ഫെറോന കോ-ഓർഡിനേറ്റർ റവ.ഫാ.ക്രിസ്റ്റഫർ കെ.എൽ.എം. ന്റെ അധ്യക്ഷതയിൽ നടന്ന പ്രസ്തുത പ്രോഗ്രാം ഫെറോനാതലത്തിൽ സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. 10-6-18 കുമാരപുരം, പുഷ്പഗിരി, മുട്ടട എന്നീ ഇടവകകളിൽ പ്രസ്തുത ഇടവകവികാരിമാരുടെ ഉദ്ഘാടനത്തോടെ പള്ളി പരിസരത്ത് വൃക്ഷത്തൈകൾ നടീൽ കർമ്മം നടന്നു. റവ.ഫാ.ജറാൾഡ് സാവിയോ, റവ.ഫാ.ക്രിസ്റ്റഫർ എന്നിവർ വൃക്ഷത്തൈകൾ നടീലിന് നേതൃത്വം വഹിച്ചു.

8-7-18 പോങ്ങുംമൂട് ഇടവകവികാരി റവ.ഫാ.തിയോഡേഷ്യസിന്റെ ഉദ്ഘാടനത്തോടെ 'പരിസ്ഥിതി സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും' എന്ന വിഷയത്തിൽ ശുചിത്വ മിഷനിലെ ശ്രീ. സന്തോഷ് കുമാർ ക്ലാസ് നയിച്ചു. സാമൂഹ്യശുശ്രൂഷയും യുവജനശുശ്രൂഷയും സംയുക്തമായി പ്രസ്തുത ക്ലാസ്സ് സംഘടിപ്പിച്ചു.

## വലിയതുറ ഫെറോന

### ഫെറോന പ്രവർത്തനങ്ങൾ

ഫെറോന റ്റിഎസ്എസ്എസ് എക്സിക്യൂട്ടീവ് യോഗം 7-7-18-ൽ ഫെറോന ഓഫീസിൽ വച്ച് നടന്നു. ഫെറോന കോർഡിനേറ്റർ റവ.ഫാ.പോൾ.ജിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇടവകതല ഫെറോനതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഫെറോന ജനറൽ ബോഡിയോഗം, ടോയ്‌ലറ്റ് നിർമ്മാണം ഇവയുടെ തീരുമാനങ്ങൾ എടുത്തു. ചൈൽഡ്

പാർലമെന്റ് കൊച്ചുവേളി ഇടവകയിൽ രൂപീകരിക്കുന്നതിനും തീരുമാനിച്ചു. 9 അംഗങ്ങളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു.

ഇതിൻപ്രകാരം 27 പേരുടെ ടോയ്‌ലറ്റ് നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിച്ചു.

ഫെറോനയുടെ നേതൃത്വത്തിൽ വലിയതുറ ഇടവകയിൽ കടൽക്ഷോഭംമൂലം ഭവനം നഷ്ടപ്പെട്ട സ്ഥലങ്ങൾ ഫെറോന കോർഡിനേറ്റർ റവ.ഫാ.പോൾ ജി, ഫെറോന സ്റ്റാഫംഗങ്ങൾ, രൂപത റ്റിഎസ്എസ്എസ് അസിസ്റ്റന്റ് ഡയറക്ടർ, റവ.ഫാ.ഡോണി.ഡി പോൾ, സ്റ്റാഫംഗങ്ങളായ അന്നാറീത്ത, ലീജ, ഇടവകവികാരി റവ.ഫാ. മെൽക്കോൺ, സഹവികാരി, റവ.ഫാ.സുധീഷ് എന്നിവർ ചേർന്ന് 20-7-18-ൽ സന്ദർശിക്കുകയും ഇപ്പോൾ ഭവനം നഷ്ടപ്പെട്ട അംഗങ്ങളുടെ ലിസ്റ്റ് എടുക്കുകയും ചെയ്തു. തുടർന്ന് ഇടവകവികാരിയുമായി നടത്തിയ ചർച്ചയിൽ തീരം/തീരസംരക്ഷണം ഇതിനായി രൂപത സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ പ്രതി ഷേധ പരിപാടികൾ നടത്തണമെന്ന് ഇടവകവികാരി ആവശ്യപ്പെട്ടു.

17-7-18-ൽ സെന്റ് സേവ്യേഴ്സ് ഇടവകയിൽ വച്ച് എസ്എച്ച്ജികളുടെ ഫെറോന ഫെഡറേഷൻ യോഗം നടന്നു. റീജണൽ ആനിമേറ്റർ, എസ്എച്ച്ജി-ആനിമേറ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ വെട്ടുകാട്, കണ്ണാന്തുറ ഇടവകകളിലെ എസ്എച്ച്ജികൾ മുട്ടത്തറ സർവ്വീസ് സഹകരണ ബാങ്കിന്റെ എയർപോർട്ട് ബ്രാഞ്ചിൽ ലോണിനായി അക്കൗണ്ട് ഓപ്പൺ ചെയ്യുക, ആഗസ്റ്റ് 17,18,19 എന്നീ തീയതികളിലായി ശംഖുംമുഖത്തു ഓണം ഫെയർ സംഘടിപ്പിക്കുക എന്നീ തീരുമാനങ്ങൾ എടുത്തു.

23-7-18-ൽ കണ്ണാന്തുറ ഇടവകയിലെ 4 എസ്എച്ച്ജികൾ





അക്കൗണ്ട് ഓപ്പൺ ചെയ്തു.

മത്സ്യക്കച്ചവട സ്ത്രീഫോറത്തിന്റെ ഫെറോന യോഗം 8-ാം തീയതി നടന്നു. രൂപത കോർഡിനേറ്റർ സി.ഷിജിയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഫോർമലിൻ കലർത്തിയ മീൻ വിൽപ്പന തടയൽ, രാത്രികച്ചവടം നിർത്തൽ ഇവയുടെ ചർച്ചകൾ നടത്തി.

ആനിമേറ്റർ ഇടവകസന്ദർശനത്തിലൂടെ 13.07.60 രൂപ ലോൺ കളക്ഷൻ നടത്തി.

റ്റിഎംഎഫ് യൂണിറ്റിന്റെ ഫെറോനായോഗം 22-7-18-ൽ തോപ്പ് ഫെറോന ഓഫീസിൽ വച്ച് നടന്നു. എല്ലാ ഇടവകയിലും അംഗത്വ ഫോം നൽകി. അംഗത്വം ഉറപ്പാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗത്വഫോം വിതരണം ചെയ്തു.

എസ്എഫ്പി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വേളി-3, കൊച്ചുവേളി-5 എന്നീ ക്രമത്തിൽ അപേക്ഷ ലഭിച്ചു. പ്രസ്തുത അപേക്ഷ രൂപതയിൽ നൽകി.

ചൈൽഡ് ലൈൻ ന്റെ ഭാഗമായി വലിയതുറ ഇടവകയിലുള്ള 10 കുട്ടികൾക്ക് ബാഗ്, ബുക്ക് ഇവ ലഭിച്ചു.

ഫെറോന ജോയിന്റ് ആനിമേറ്റേഴ്സ് യോഗം ഫെറോന വികാരിയുടെ നേതൃത്വത്തിൽ നടത്തി. പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഇടവകതലപ്രവർത്തനങ്ങൾ**

**ചെറിയതുറ ഇടവക** - സാമൂഹ്യശുശ്രൂഷ സമിതിയോഗം, ചൈൽഡ് പാർലമെന്റ്, മത്സ്യക്കച്ചവടസ്ത്രീഫോറം എന്നിവയുടെ ഇടവകതലയോഗങ്ങൾ നടന്നു. മഴക്കെടുതിയിൽ 8 ഭവനത്തിന്റെ മേൽക്കൂരയും മറ്റും നഷ്ടമായതിനാൽ രൂപതയിൽ അറിയിക്കുകയും രൂപത ഡിസാസ്റ്റർ ടീം സന്ദർശിച്ച് റിപ്പോർട്ട് നൽകിയതി

ന്റെയും അടിസ്ഥാനത്തിൽ 19300 രൂപ ലഭിക്കുകയും ഭവനങ്ങളുടെ മേൽക്കൂരകൾ, ഷീറ്റ്, ടാർപോളിൻ എന്നിവ ഉപയോഗിച്ച് പണിയുകയും ചെയ്തു. 29-7-18-ൽ ജനറൽ മെഡിക്കൽ ക്യാമ്പു നടത്തി. ഇടവകവികാരി റവ.ഫാ.ജെറോം റോസ് ഉദ്ഘാടനം ചെയ്തു.

**സെന്റ് സേവ്യേഴ്സ്** - സാമൂഹ്യശുശ്രൂഷ സമിതി യോഗം എസ്എച്ച്ജി യൂണിറ്റ് യോഗം ഇവ നടന്നു. നോർക്ക റൂട്ട്സിൽ അംഗത്വം 3 പേർ എടുത്തു.

**വലിയതുറ:** സാമൂഹ്യശുശ്രൂഷ സമിതിയോഗം, എസ്എച്ച്ജി യോഗം, മത്സ്യക്കച്ചവട സ്ത്രീഫോറം യോഗം എന്നിവ നടന്നു. എസ്എച്ച്ജി പുനർക്രമീകരണം നടത്തി 6 എണ്ണം രൂപീകരിച്ചു. റ്റിഎസ്എസ്എസ് ജനറൽ ബോഡി അംഗങ്ങൾക്ക് മഴക്കാലരോഗങ്ങളെക്കുറിച്ച് ജെപിഎച്ച്എൻ ക്ലാസ്സ് നൽകി. ഇടവകവികാരി റവ.ഫാ. മെൽക്കോണിന്റെ സാന്നിദ്ധ്യത്തിൽ നടന്ന സാമൂഹ്യ ശുശ്രൂഷാസമിതി യോഗത്തിൽ ലൈഫ് ജാക്കറ്റ് നൽകി കൊണ്ട് റ്റിഎംഎഫ് യൂണിറ്റ് രൂപീകരിക്കാൻ തീരുമാനിച്ചു. സ്വീവേജ് ഫാമിൻ ഇടവകയിലെ കടൽക്ഷോഭത്തിൽ വീടുകൾ നഷ്ട പ്പെട്ടവർക്കായി നിർമ്മിക്കുന്ന ഭവനനിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ഇടവക വികാരിയുടെ നേതൃത്വത്തിൽ വിലയിരുത്തി.

**തോപ്പ്:** സാമൂഹ്യശുശ്രൂഷ സമിതിയോഗം, റ്റിഎംഎഫ് യൂണിറ്റ് യോഗം, എസ്എച്ച്ജി യോഗം, മത്സ്യക്കച്ചവട സ്ത്രീഫോറം യോഗം എന്നിവ നടന്നു. കുടുംബ ശുശ്രൂഷയുമായി കൈകോർത്ത് നടത്തുന്ന വിധവാഫോറം യോഗത്തിന്റെ വാർഷികം 8-ാം തീയതി നടന്നു. ഇടവകവികാരി റവ.ഫാ. സൈറസ് കളത്തിൽ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ രൂപത കോർഡിനേറ്റർമാരായ റവ.സി.ഷിജി,





ഇടവക സി. പ്രതിനിധികളായി സി. സലോമി, സി.ജോസി എന്നിവരുടെ സാന്നിധ്യവും കുടുംബശുശ്രൂഷ, സാമൂഹ്യശുശ്രൂഷ കൺവീനർമാരുടെ സഹകരണവും ഉണ്ടായിരുന്നു. പങ്കെടുത്ത 43 അംഗങ്ങൾക്ക് സമ്മാനം നൽകി. 22-7-18-ൽ ജെപിഎച്ച്എൻ - സതികുമാരി ഇടവകയിലുളള അംഗങ്ങൾക്കായി മഴക്കാല രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തി. റ്റിഎസ്എസ്എസ് സമിതി കൺവീനറിന്റെ സാന്നിധ്യം ഉണ്ടായിരുന്നു.

**കണ്ണാന്തുറ**: സാമൂഹ്യശുശ്രൂഷാ സമിതിയോഗം എസ്എച്ച്ജി യോഗം, മത്സ്യക്കച്ചവട സ്ത്രീഫോറം യോഗം റ്റിഎംഎഫ് യോഗം ഇവ നടന്നു. 8-ാം തീയതി ഇടവകയിലുള്ള 61 പേരെ ഉൾപ്പെടുത്തി വിധവാഫോറം ഇടവകവികാരി റവ.ഫാ.ലാസർ ബനഡിക്ടിന്റെ നേതൃത്വത്തിൽ 10 കിടപ്പുരോഗികൾക്ക് ഒരു സ്പോൺസറിന്റെ സഹായത്തോടെ 1000 രൂപ വീതം 10000 രൂപ ധനസഹായം നൽകി.

**ചെറുവെട്ടുകാട്:** സാമൂഹ്യശുശ്രൂഷ സമിതിയോഗം, ചൈൽഡ് പാർലമെന്റ് യോഗം ഇവ നടന്നു. 1-7-18-ൽ യുവജനശുശ്രൂഷയും ചൈൽഡ് പാർലമെന്റുമായി സഹകരിച്ച് ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. ഇടവകവികാരി റവ.ഫാ.ജോസ് ദിലീപ് ഉദ്ഘാടനം ചെയ്തു. രൂപതയിൽ നിന്നും ലഭിച്ച വിത്ത്, വളം, ഗ്രോബാഗ് ഇവ ബിസിസി യൂണിറ്റുകളിൽ വിതരണം ചെയ്തു.

**കൊച്ചുവേളി:** സാമൂഹ്യശുശ്രൂഷ സമിതിയോഗം, മത്സ്യക്കച്ചവട സ്ത്രീഫോറം യോഗം ഇവ നടന്നു. 22-ാം തീയതി 36 കുട്ടികളെ ചേർത്ത് ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു. ഇടവകവികാരി റവ.ഫാ.പോൾ ജി. ഉദ്ഘാടനം നിർവഹിച്ചു. രൂപത കോർഡിനേറ്റർ ശ്രീമതി ലീജ സ്റ്റീഫൻ ക്ലാസ്സിനു നേതൃത്വം നൽകി. വോളന്റിയറായി ശ്രീമതി ഷീബയെ തെരഞ്ഞെടുത്തു. ഇടവക സി. പ്രതിനിധി സി.ഷിജി, ഫെറോന സ്റ്റാഫംഗങ്ങളായ ശ്രീമതി ലിസി, ഷീജ റ്റി.കെ

എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. പാർലമെന്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി.

**വലിയവേളി:** സാമൂഹ്യശുശ്രൂഷ സമിതിയോഗം, മത്സ്യക്കച്ചവട സ്ത്രീഫോറം യോഗം ഇവ നടന്നു. എസ്എഫ്പിയ്ക്കായി 2 അപേക്ഷ ലഭിച്ച കാര്യം യോഗത്തിൽ ചർച്ച ചെയ്തു. ഇടവക വികാരി റവ.ഫാ.യേശുദാസ് മത്യാസിന്റെ സാന്നിദ്ധ്യവും രൂപത കോർഡിനേറ്റർ ശ്രീമതി ലിജയുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. ഭവനനിർമ്മാണ പദ്ധതിയിൽ - 2 കുടുംബങ്ങളെകൂടി ഉൾപ്പെടുത്താൻ നിർദേശം നൽകി. ചൈൽഡ് പാർലമെന്റ് യോഗം ആഗസ്റ്റ് മാസം മുതൽ നടത്തുവാൻ തീരുമാനിച്ചു.

**കൊച്ചുതോപ്പ്:** സാമൂഹ്യശുശ്രൂഷാസമിതിയോഗം, എസ്എച്ച്ജി യോഗം, മത്സ്യക്കച്ചവടസ്ത്രീഫോറം യോഗം, റ്റിഎംഎഫ് യോഗം ഇവ നടന്നു. റ്റിഎംഎഫ് ന്റെ നേതൃത്വത്തിൽ 37 അംഗങ്ങൾ ജീവൻ ജ്യോതി ക്ഷേമപദ്ധതിയിൽ അംഗത്വം എടുത്തു. റ്റിഎസ്എസ്എസ് പ്ലാൻ പ്രകാരം ജെൽ കാന്റിൽ പരിശീലനം നടത്തി.

**വെട്ടുകാട്:** എസ്എച്ച്ജി യോഗം മത്സ്യക്കച്ചവട സ്ത്രീഫോറം യോഗം ഇവ നടന്നു. സമിതിയുടെ നേതൃത്വത്തിൽ 15-ാം തീയതി മെഡിക്കൽ ക്യാമ്പ് നടത്തി. വെട്ടുകാട് ലൈബ്രറിയും, സാമൂഹ്യശുശ്രൂഷാസമിതിയും ചേർന്നുനടത്തിയ ക്യാമ്പിൽ 3500 രൂപയുടെ രക്തപരിശോധന 300 രൂപയ്ക്ക് നടത്തി.

**ഓഖി തുടർ പ്രവർത്തനങ്ങൾ**

**കുടുംബസന്ദർശനം**: വലിയതുറ, ചെറിയതുറ, വെട്ടുകാട്, കൊച്ചുവേളി ഇടവകയിലുള്ള 15 ഭവനങ്ങളും ആനിമേറ്റർ ലിസ്സി സന്ദർശനം നടത്തി.

**സ്വയം തൊഴിൽ സംരംഭം**

വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി 9 പേർക്ക് 1,35,000 രൂപ രൂപതയിൽനിന്നും ലഭിച്ചു:





1. മേരി സെലിൻ കൊച്ചുവേളി - റെഡിമെയ്ഡ് ഗാർമെന്റ്സ്
2. ജൂഡിറ്റ്/ലതാകുമാരി വെട്ടുകാട് - തയ്യൽ
3. ഷീല വെട്ടുകാട് - തുണിക്കച്ചവടം
4. മെഡോണ വെട്ടുകാട് - മീൻകച്ചവടം (ഉണക്കമീൻ)
5. ലതാകുമാരി വെട്ടുകാട് - തയ്യൽ
6. മരിയ പുഷ്പം വലിയതുറ - ടെയ്‌ലറിംഗ് ഷോപ്പ്
7. ശോശാമ്മ വലിയതുറ - പാൽക്കച്ചവടം
8. ജൂലിയറ്റ് വലിയതുറ - കുടനിർമ്മാണം
9. സ്റ്റീഫൻ ഗോമസ് ചെറിയതുറ - വെൽഡിംഗ് ഷോപ്പ്

പ്രസ്തുത ഭവനങ്ങൾ ആനിമേറ്റർ സന്ദർശിച്ച് സ്വയം തൊഴിൽ സംരംഭം വിലയിരുത്തി.

**ഫാ. പോൾ.ജി**
കോഓർഡിനേറ്റർ

**ഷീജ റ്റി.സി**
ആനിമേറ്റർ

# അല്മായ ശുശ്രൂഷ

## കെ.എൽ.സി.എ തെരഞ്ഞെടുപ്പ്

കോവളം ഫെറോനയിലെ കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷൻ ഇടവകതല യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2018 ജൂലൈ 16 മുതൽ ആഗസ്റ്റ് 19 വരെയുള്ള തീയതികളിൽ നടത്താൻ കോവളം ഫെറോന അല്മായ ശുശ്രൂഷ വൈദിക കോർഡിനേറ്റർ റവ.ഫാ.ബീഡ് മനോജ് അമാദോയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. താഴെപ്പറയുന്ന തീയതികളിൽ തെരഞ്ഞെടുപ്പ് നടക്കുന്നതാണ്.

ജൂലൈ 15 - പരുത്തിക്കുഴി, ഇടയാർ

ജൂലൈ 22 - പാലപ്പൂര്, പൂങ്കുളം, നെല്ലിയോട്

ജൂലൈ 29 - കാക്കാമൂല, വവ്വാമൂല, ആഴാകുളം

ആഗസ്റ്റ് 5 - പെരിങ്ങമല, പുന്നമൂട്

ആഗസ്റ്റ് 12 - കാരയ്ക്കാമണ്ഡപം, പൊന്നുമംഗലം

ആഗസ്റ്റ് 19 - പൂന്തുറ, വിഴിഞ്ഞം

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

വെട്ടുകാട് ക്യൂൻമേരി കോൺഫറൻസ് നിർധനരായ 11 കുടുംബങ്ങൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തു. വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത ഓഖി ദുരന്തബാധിതരായ 5 കുടുംബങ്ങൾക്ക് 15,000 രൂപാ വീതം സെൻട്രൽ കൗൺസിൽ യോഗത്തിൽ വിതരണം ചെയ്തു. പുതിയതുറ സെന്റ് നിക്കോളാസ് കോൺഫറൻസ് ഇടവകയിലെ നിർധനരായ, 58 മത്സ്യക്കച്ചവടം





ചെയ്യുന്ന വനിതകൾക്ക് 10,000 രൂപാ വീതം പലിശരഹിത വായ്പ നൽകി. നന്തൻകോട് സേക്രട്ട് ഹാർട്ട് കോൺഫറൻസ് മണ്ണടിക്കോണം, കിളളി പ്രദേശങ്ങൾ സന്ദർശിച്ച് സഹായ വിതരണം നടത്തി. കൊയ്ത്തൂർക്കോണം സെന്റ് മേരീസ് കോൺഫറൻസിന്റെ വാർഷിക സമ്മേളനത്തിൽ നിർധന കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു.

## രാഷ്ട്രീയകാര്യസമിതി യോഗം

അതിരൂപതാ രാഷ്ട്രീയകാര്യ സമിതി, സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ അധ്യക്ഷതയിൽ 25-7-2018-ന് യോഗം ചേർന്നു. ദ്രവ-ഖര മാലിന്യങ്ങൾ തീരപ്രദേശത്ത് നിക്ഷേപിക്കപ്പെടുന്നത് കാരണം ജനജീവിതം ദുസ്സഹമായിരിക്കുക യാണെന്നും ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് യോഗം ആവശ്യപ്പെട്ടു. ആസന്നമാകുന്ന ലോക്സഭാ - തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ അതിരൂപത സ്വീകരിക്കേണ്ട നിലപാടുകൾ യോഗം വിശദമായി ചർച്ച ചെയ്തു.

**ഭക്തസംഘടനകളുടെ യോഗം:** പൂന്തുറ ഇടവകയിലെ ഭക്തസംഘടനാ ഭാരവാഹികളുടെ ഒരു യോഗം ഇടവക വികാരി റവ.ഫാ.ബേബി ബെവിൻസൺ 22-7-2018-ന് ഉദ്ഘാടനം ചെയ്തു. അല്മായ ശുശ്രൂഷ ഡയറക്ടർ എം. ആർക്കാഞ്ചലോ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തെപ്പറ്റി ക്ലാസ് നയിച്ചു.

## കോവളം ഫെറോനാ ഭക്തസംഘടനകളുടെ യോഗം

കോവളം ഫെറോനയിലെ ഭക്തസംഘടനകളുടെ സംയുക്തയോഗം 29-7-18-ന് പൂങ്കുളത്ത് വച്ച് നടന്നു. ഫെറോനാ അല്മായ ശുശ്രൂഷ വൈദിക കോർഡിനേറ്റർ റവ.ഫാ.ബീഡ് മനോജ് അമാഡോ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. ഫെറോനാ വികാരി റവ. ഫാ. ബേബി ബിബിൻസൻ യോഗം ഉദ്ഘാടനം ചെയ്തു. അല്മായ ശുശ്രൂഷാ അതിരൂപതാ ഡയറക്ടർ എം. ആർക്കാഞ്ചലോ ക്ലാസ് നയിച്ചു. ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും വിശുദ്ധിയിലേക്കുള്ള വിളിയെ സംബന്ധിച്ച് ഫ്രാൻസിസ് പാപ്പായുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന പ്രബോധനത്തെ അധികരിച്ച് സോദാഹരണ പ്രഭാഷണം നടത്തുകയും ചെയ്തു. ഫെറോനയിലെ 8 ഇടവകകളിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ഫെറോനാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**'സമന്വയ' ബുളളറ്റിനിലെ പ്രസിദ്ധീകരണത്തിന്**

സെപ്തംബർ മാസത്തെ പ്രസിദ്ധീകരണത്തിനുള്ള വാർത്തകളും റിപ്പോർട്ടുകളും **ആഗസ്റ്റ് 20 നകം** ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു..